KNANAYADEEPAM

# ക്നാനായദീപം

Vol: 34 / Issue: 11 November 2023 ₹:10/-



# Ist Death Anniversary

27-11-2023



## ഷാന്റി ഏബ്രഹാം

മുക്കാട്ട്, കുറിച്ചി

Advt -G

By Sorrowing Family & Friends

# ക്നാനായ ദീപം

2023 നവംബർ പുസ്തകം 34 ലക്കം 11

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

സഭ ക്രിസ്തുവിന്റെ ശരീരം 08
ഫാ. ടിനോ തോമസ് മടത്തിൽമണ്ണിൽ

ചിലന്തിയും തേനീച്ചയും 10
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

യുവജനങ്ങളും സഭയും 19
സുനിൽ ഡി. കുരുവിള

സൗന്ദര്യം ചാരത്തിൽ നിന്നും 21
സീമ ഷിന്റോ കന്നിയേൽ

സുവിശേഷം വാക്കുകളല്ല... 23
അമ്മാൾരാജൻ പുളിമൂട്ടിൽ

Navigating Success 25
Anu J.Thomas

ഏവൻഗേലിയോൻ ദീപം 26
സനിറ്റ് സാബു പുത്തൻപുരയ്ക്കൽ

വിവാഹം ഒരു കൂദാശയോ? 28
ആൻഡ്രൂസ് പി. ജോർജ് പ്ലാതോടത്തിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

മാതൃകാ കുടുംബജീവിതം 39
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 പരിശുദ്ധ അമ്മ
ജയിനമ്മ മർക്കോസ് നടുവിലേപറമ്പിൽ

42 ആരാണ് ഞാൻ
ലില്ലിക്കുട്ടി ചെറിയാൻ

43 മല്പാനോട് ചോദിക്കാം

44 കാൽപ്പാടുകൾ
എബി

45 പാപിയെ കല്ലെറിയാൻ
റ്റി.കെ. തോമസ് തൈകുറിഞ്ഞിയിൽ

46 മാട്രിമോണിയൽ

48 നശ്വരം
പുളിങ്കുന്ന് ലൂക്കാ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
H.E. Mor Severios Kuriakose
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
Chief Editor
V. Rev. Roy Mathew Core Episcopa Mulamoottil

Managing Editor
Fr. Jaicobkutty K.S. Kallookulam

Members
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty Appeecil

**Press Manager**
Fr. Sherin C. Kollamparampil

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
T.C.Thomas Thoppil
Lay Trustee
T.O. Abraham Thottathil
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**ക്നാനായ ദീപത്തിന്റെ മാന്യ വായനക്കാർക്ക്
ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള
സ്നേഹ വന്ദനങ്ങൾ.**

കർത്താവിൽ പ്രിയരെ,

കഴിഞ്ഞ എട്ടു വർഷക്കാലമായി ദീപത്തിന്റെ ചീഫ് എഡിറ്ററായി മലങ്കര സഭയുടെ യോജിപ്പിനുവേണ്ടിയും, ക്നാനായ സമുദായത്തിന്റെ ഐക്യതയ്ക്കുവേണ്ടിയും, ജനങ്ങളുടെ ആത്മീയ വളർച്ചയേക്കുവേണ്ടിയും ഏകദേശം നൂറോളം ലേഖനങ്ങൾ എഴുതുവാൻ ഭാഗ്യം ലഭിച്ചു. അതൊക്കെയും ഫലവത്തായി തീരുന്നതിനുവേണ്ടിയും കർത്താവിന്റെ വരവിൽ നമ്മൾ ഒരുക്കമുള്ളവരായി തീരുന്നതിനുംവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഈ വർഷം വിരമിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ വീണ്ടും ആ ചുമതല എന്നെ ഏൽപ്പിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ നാളുകളിൽ എന്നോടുകൂടി ആത്മാർത്ഥമായി പ്രവർത്തിച്ച ബഹു. ജേക്കബ്കുട്ടി അച്ചനോടും കമ്മിറ്റി അംഗങ്ങളോടും ഉള്ള നന്ദി രേഖപ്പെടുത്തുന്നു. പുതിയ അംഗങ്ങളെ സ്വാഗതം ചെയ്യുന്നു.

21-ാം നൂറ്റാണ്ടിലെ മനുഷ്യൻ ഒരു കാര്യത്തിനും വേണ്ടത്ര വില കല്പിക്കാതെയും ആരെയും കാര്യമായി അനുസരിക്കാതെയും ജീവിക്കുകയാണ്. ദൈവത്തിനും, ആരാധനാലയങ്ങൾക്കും, മതഗ്രന്ഥങ്ങൾക്കും, ഭാര്യാ ഭർത്തൃബന്ധത്തിനും, മുതിർന്നവർക്കും കുടുംബബന്ധങ്ങൾക്കും, കോടതികൾക്കും കല്പിച്ചിരുന്ന ആദരവും ബഹുമാനവും എല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മായവും കൃത്രിമങ്ങളും ചേർന്ന ആഹാരസാധനങ്ങളാണ് ഭക്ഷിക്കുവാൻ കഴിയുന്നത്. മനുഷ്യ സ്വഭാവവും, ചിന്താഗതികളും, മനോഭാവങ്ങളും, നിരാശാജനകമായിത്തീർന്നിട്ടും മതപരമായ ആഘോഷങ്ങളും പെരുന്നാളുകളും ആത്മീയ പ്രവർത്തനങ്ങളും വളരെ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അവ മനുഷ്യരെ സ്വാധീനിച്ച് രൂപാന്തരപ്പെടുത്തുന്നില്ല. ജീവിതത്തിന് അർത്ഥവും വിലയും ഉണ്ടെന്ന് ചിന്തിക്കുകയും ആ മാതൃകയിൽ ജീവിക്കുകയും ചെയ്തവർ ഈ കാലഘട്ടത്തിലെ പ്രത്യേകതകളിൽ ദുഃഖിക്കുകയും നിരാശപ്പെടുകയും ചെയ്യുകയാണ്. ഇതിനു കാരണം ആത്മീക ചേതന നഷ്ടപ്പെടുന്നതാണ്. ഇതെല്ലാം ലോകവസാനത്തിന്റെ ലക്ഷണങ്ങളായി ബൈബിളിൽ വിശേഷിപ്പിക്കുന്നു. മത്തായി. 24-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

മനുഷ്യരിൽ സ്നേഹം വറ്റി വരണ്ടുകൊണ്ടിരിക്കുന്നു. സ്വാർത്ഥത ശക്തി പ്രാപിക്കുകയും ഒന്നിനും വഴങ്ങാത്തവരായി തീർന്നുകൊണ്ടിരിക്കുന്നു. ഉള്ളിൽ ഒരു സംശയം തോന്നിയാൽ മതി പ്രതികാരവും പകയും രൂപപ്പെടുകയും പകരംവീട്ടുകയും ചെയ്യുന്നു. ഈ അടുത്ത നാളുകളിൽ ഒരു സഹോദരൻ സ്വന്തം സഹോദരനെ കൊന്ന് സ്ലാബിനുള്ളിലാക്കി തെളിവില്ലാതാക്കാൻ നോക്കി പക്ഷേ പിടിക്കപ്പെട്ടു. ക്ഷേത്രപരിസരത്ത് ഒന്നിന് പോയത് തെറ്റല്ലേ എന്ന് ചോദിച്ചതിന് 15 കാരനെ കാറിടിപ്പിച്ച് കൊലപ്പെടുത്തി. സ്വന്തം പിതാവിനെ കൊല്ലുന്നു. സ്വന്തം മകനെ കൊല്ലുന്നു, സ്വന്തം ഭാര്യയെ കൊല്ലുന്നു. സ്വന്തം ഭർത്താവിനെ കൊല്ലുന്നു. കാമുകി കാമുകന്മാർ അകലുമ്പോഴും കൊല്ലുന്ന സംഭവങ്ങളും പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. മനുഷ്യനായി ജനിച്ചത് എന്തിനെന്നു മനസ്സിലാക്കി സാന്മാർഗിക-ധാർമ്മിക-അദ്ധ്യാത്മിക ഉപദേശങ്ങൾ അംഗീകരിച്ച് സത്സ്വഭാവികളായി ജീവിക്കണമെന്ന ചിന്തയാണ് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. എന്നാൽ ദിവ്യ സ്വഭാവത്തിന് പകരം പൈശാചിക സ്വഭാവങ്ങൾ വെളിപ്പെടുത്തുന്നത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യർക്ക് ദൈവമാകാൻ സാദ്ധ്യമല്ല. പക്ഷേ ഒരു ഉത്തമ മനുഷ്യനാകാൻ സാധിക്കും. മറ്റുള്ളവരും മനുഷ്യനാണെന്ന് കണക്കാക്കി നന്മ ചെയ്യുവാനും, ക്ഷമിക്കാനും, സഹിക്കുവാനുമുള്ള സ്വഭാവമുള്ളവരായി തീരുവാനും കഴിയും. കുടുംബത്തിലും സമൂഹത്തിലും, സഭയിലും, ദിവ്യസ്വഭാവം വെളിപ്പെടുത്താനുള്ള വിശ്വാസവും ആത്മീക ദർശനവും, പാകതയും പക്വതയും ഉള്ളവരാകാൻ നമുക്ക് കഴിയണം.

നാം ജീവിക്കുന്ന സമൂഹത്തിൽ അധർമ്മം വർദ്ധിക്കുന്നതിനാൽ അനേകരുടെ സ്നേഹം തണുത്തുപോകുകയും ആരേയും വിശ്വാസമില്ലാതാവുകയും ചെയ്യുന്നു. അന്യോന്യം മാനിച്ചും, സ്നേഹിച്ചും വിലമതിച്ചുമുള്ള ജീവിതത്തിലാണ് സന്തോഷവും സമാധാനവും, സ്വാതന്ത്ര്യവും സംതൃപ്തിയും അനുഭവിക്കാൻ സാധിക്കുന്നത്. മനുഷ്യന് മാതൃകയും നന്മയും നൽകേണ്ട മേഖലകളെല്ലാം മലിനപ്പെട്ടതാണ് ഇന്നത്തെ ദുസ്ഥിതി ഉണ്ടാകാൻ കാരണം. വിദ്യാഭ്യാസ രംഗത്തിനും, ആത്മീക ഗോളത്തിനും ഭരണകൂടങ്ങൾക്കും നിലവാരത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യ ജീവിതം തുച്ഛീകരിക്കപ്പെടുകയും നീചവും ക്രൂരവുമായ പ്രവൃത്തികൾ വർദ്ധിക്കുന്നതുമാണ് വർത്തമാന മാദ്ധ്യമങ്ങളിലൂടെ നാം കാണുന്നത്. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനാകയാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യമത്രേ. (സങ്കീ. 49:20). നമ്മുടെ നന്മയ്ക്കുവേണ്ടി ചെയ്യുന്നത് മറ്റുള്ളവർക്ക് ദോഷമായിത്തീരരുതെന്ന് ഉറപ്പു വരുത്താൻ സാധിക്കണം. സ്വന്തം കാര്യം സാധിച്ചാൽ മതിയെന്ന ചിന്താഗതിയാണ് മനുഷ്യ സമൂഹത്തെ ദുഷിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ വ്യവസ്ഥിതിക്ക് മാറ്റം വരുത്തുവാൻ നമ്മാലാവുന്നതെല്ലാം ചെയ്യുമെന്ന് നമുക്ക് പ്രതിജ്ഞ എടുക്കാം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

നവംബർ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. 2023 എന്ന വർഷം നമ്മെ വിട്ട് പുതിയ വർഷത്തിന്റെ പടിവാതില്ക്കൽ നാം നിൽക്കുകയാണല്ലോ. ജീവിതം അതിവേഗം മുന്നോട്ട് യാത്ര ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. നമ്മെ ദൈവം ഏല്പിച്ച പദ്ധതികൾ പൂർത്തീകരിക്കുവാൻ നമുക്ക് സാധിക്കുന്നതിൽ അലസത ഉണ്ടാകാതെ, ദൈവാശ്രയത്തോടെ അവ നിറവേറ്റുവാൻ ഉത്സുകതയോടെ പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവദാനമായ ഈ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്ന വ്യക്തിത്വങ്ങളായി നമുക്ക് ആയിത്തീരാം.

2023 നവംബർ 2 ന് പരി. പരുമല തിരുമേനിയുടെ നൂറ്റിഇരുപത്തിയൊന്നാം ഓർമ്മപ്പെരുന്നാൾ നാം കൊണ്ടാടിയല്ലോ. നമ്മിൽ അനേകർ പരിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹം പ്രാപിച്ചിട്ടുള്ളവരാണ്. നമ്മുടെ മിക്കവാറും എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധന്റെ പെരുന്നാൾ ആചരിക്കുന്നുണ്ട്. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്ന നമുക്ക് സമർപ്പണത്തോടെ ആ ജീവിത മാതൃക ഉൾക്കൊണ്ട് നമ്മെ ഇഹലോകജീവിതത്തെ നോമ്പിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ ആദ്ധ്യാത്മികതയിൽ നയിച്ച്, വിശ്വാസ തീക്ഷ്ണതയോടെ ജീവിതത്തെ നയിച്ച്, നന്മയുടെ നിറകുടങ്ങളാക്കിത്തീർക്കുവാൻ ശ്രമിക്കാം. അങ്ങനെ നമുക്കും വിശുദ്ധിയുടെ ഉന്നതമായ പടവുകൾ കയറുവാൻ ഇടയാകണം. പരി. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്കെന്നും അനുഗ്രഹമായിരിക്കട്ടെ.

നവംബർ 14 നാണല്ലോ ശിശുദിനം ആചരിക്കുന്നത്. ഭാരതത്തിന്റെ മുൻ പ്രധാനമന്ത്രി ഡോ. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണല്ലോ അന്ന്. ഇന്നത്തെ ശിശുക്കൾ നാളത്തെ പൗരന്മാരും, രാഷ്ട്രത്തിന് സംഭാവനകൾ നൽകുന്നവരുമാണല്ലോ. അവർ ദൈവദാനങ്ങളാണല്ലോ. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന ഓരോ കുഞ്ഞിനും ജീവിക്കുവാൻ അവകാശമുണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഉദരത്തിൽവച്ച് കുഞ്ഞുങ്ങളെ ഇല്ലായ്മ ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. അതുപോലെ ജനിച്ചു വീഴുന്ന ഓരോ കുഞ്ഞിനും മാനസികമായ പക്വത ആർജ്ജിച്ചെടുക്കുവാനുള്ള പരിപാലനം ഭവനങ്ങളിൽ നൽകേണ്ടതുണ്ട്. ഭവനങ്ങളാണല്ലോ ആദ്യത്തെ വിദ്യാലയം. അവിടെ നിന്ന് അവർക്കാവശ്യമായ മാതൃക ലഭിക്കുവാൻ ഇടയാകണം. അതാകട്ടെ മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതത്തിലൂടെയും. അതുപോലെ കുടുംബത്തിൽ അവരെ ഒരുമിച്ചിരുത്തി പ്രാർത്ഥിക്കുവാനും ദൈവാലയങ്ങളിലേക്ക് അവരെ കൊണ്ടുപോകുവാനും, ദൈവാശ്രയത്തോടെ ജീവിക്കുവാനും അവരെ നയിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണെന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുവാനും സാധിക്കണം. ഇന്നത്തെ കുഞ്ഞുങ്ങൾ പലരും മൊബൈൽ ഫോണിന് അഡിക്റ്റ് ആയിത്തീർന്നിരിക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളതെല്ലാം നമുക്ക് ആവശ്യമാണ്. എന്നാൽ അതിനപ്പുറം അവരുടെ കഴിവുകൾ വികസിപ്പിക്കുവാനും, അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനും സാധിക്കണം. അതിന് മാതാപിതാക്കളും, അദ്ധ്യാപകരും ശ്രദ്ധിക്കേണ്ടതുണ്ട്.

നമ്മുടെ അതിഭദ്രാസനത്തിലെ ഇടവകകളിൽ നിന്ന് മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടന്നു. അസ്സോസിയേഷന്റെ ഈ സെഷന്റെ പ്രഥമയോഗം ഒക്ടോബർ 24, 25 തീയതികളിൽ നടന്നു. സമുദായത്തിന്റെയും, സ്ഥാപനങ്ങളുടെയും നേതൃത്വത്തെ തെരഞ്ഞെടുത്തു. ഈ പ്രാവശ്യം ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള പ്രതിനിധികൾ ചിങ്ങവനം മോർ അപ്രേം സെമിനാരിയിലേക്ക് അസ്സോസിയേഷൻ മീറ്റിംഗിൽ പങ്കെടുക്കാൻ കടന്നുവന്നു എന്നത് വളരെ ശ്രദ്ധേയമായി. വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചാണ് ഇതിനായി കടന്നുവന്നത്. ഇതെല്ലാം സമുദായത്തോടുള്ള തീക്ഷ്ണതയാണല്ലോ വെളിപ്പെടുത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേകം ശ്ലാഘിക്കുന്നു. പുതിയ ടേമിൽ ദൈവാനുഗ്രഹത്തോടെ പ്രവൃത്തിക്കുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ച്, എല്ലാവരെയും അതിഭദ്രാസനത്തിന്റെ പേരിൽ അനുമോദിക്കുന്നു. എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു.

ഇസ്രായേൽ പാലസ്തീൻ സംഘർഷത്തിൽ ആശങ്കയുണ്ട്. യുദ്ധം വളരെ വേഗത്തിൽ അവസാനിച്ച് അവിടെയെല്ലാം ശാന്തിയും സമാധാനവും കളിയാടാൻ ദൈവസന്നിധിയിൽ നമുക്ക് പ്രാർത്ഥിക്കാം.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ക്നാനായ സമുദായത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിന് വേണ്ടിയുള്ള വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് കഴിഞ്ഞ മാസം ഉണ്ടായത്. 2023-2028 ലേയ്ക്കുള്ള ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുപ്പ് ഒക്ടോബർ 8-ാം തീയതിയും, പിന്നീട് വന്ന ഞായറാഴ്ചകളിലുമായി നടന്നു. ആയതിനു ശേഷം ഭരണഘടനപ്രകാരം സമുദായ മെത്രാപ്പോലീത്ത യുടെ കല്പനയുടെ അടിസ്ഥാനത്തിൽ ഒക്ടോബർ 24-ാം തീയതി അസ്സോസിയേഷൻ കൂടുകയുണ്ടായി. ആയതിനെ ക്കുറിച്ചാണ് ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്.

24-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിയ്ക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അസ്സോസിയേഷൻ മെമ്പർമാർ രജിസ്റ്റർ ബുക്കിൽ ഒപ്പിട്ടതിനുശേഷം ദയറപള്ളിയിൽ അഭി. ഏബ്രഹാം മോർ ക്ലീമ്മീസ് വലിയമെത്രാപ്പോലീത്തായുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി 11 മണിയോടുകൂടി സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തയെ വാദ്യമേളങ്ങളുടെ അകമ്പടിയോടെ സ്വീകരിച്ചുകൊണ്ട് അസ്സോസിയേഷൻ മെമ്പർമാരും സമുദായത്തിലെ വൈദികരും കൂടി രണ്ട് ലൈനായി മോർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ പ്രവേശിച്ച് സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. മറ്റുള്ള സഭകളിൽ ചെയ്യുന്നതുപോലെ പ്രൗഢഗംഭീരമായ ഒരു ചടങ്ങ് നടത്തിയിട്ട് അതിൽ സംബന്ധിക്കാതെ നമ്മുടെ സമുദായത്തിലെ ഏതാനും കുറച്ചു വൈദികർ അസ്സോസിയേഷൻ ഹാളിൽ കയറി ഇരിക്കുകയായിരുന്നു എന്നുള്ള കാര്യം വളരെ വിഷമത്തോടെ അറിയിക്കട്ടെ. പിന്നീട് സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം അസ്സോസിയേഷൻ മെംബേഴ്സിന് സ്വാഗത പ്രസംഗം നടത്തി. തുടർന്ന് പ്രാർത്ഥനയ്ക്കുശേഷം ബഹു. സിജോ അച്ചൻ ഗ്രന്ഥപാരായണം നടത്തുകയും ബഹു. മാത്യു ഉതുപ്പാൻ അച്ചൻ ധ്യാനപ്രസംഗം നടത്തുകയും ചെയ്തു. അതിനുശേഷം എല്ലാ അസ്സോസിയേഷൻ മെമ്പർമാർക്കും ബഹു.മോനായി ഫിലിപ്പ് കർക്കിടംപള്ളിൽ അച്ചൻ സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും അംഗങ്ങൾ കൈ മുൻപോട്ട് നീട്ടി അത് ഏറ്റു ചൊല്ലുകയും ചെയ്തു.

തുടർന്ന് ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആത്മീയ പാപ്പരത്വം ആണ് ആധുനിക കാലഘട്ടത്തിന്റെ പ്രധാന പ്രശ്നം. ലോകത്തിലെ ബഹുഭൂരിപക്ഷമായ അംഗങ്ങളും ദൈവാന്വേഷികൾ ആണ്. നാം സത്യാന്വേഷികളായി തീരണം; മലങ്കര സുറിയാനി സഭയിലെ അംഗമാകുന്ന നാം ഓരോരുത്തരും ദൈവ അന്വേഷികളായി തീരണം. ഞാൻ ഒരു ക്നാനായക്കാരൻ ആയി ഇരിക്കുന്നതിൽ അഭിമാനിക്കുന്നവരായി തീരണം എന്ന ഒരു ചിന്ത എപ്പോഴും നമുക്ക് ഉണ്ടായിരിക്കണം. ക്നാനായത്വം നിലനിർത്തി അതിനുവേണ്ടി നിലനിൽക്കുന്നു എന്ന് പറയുന്നത് ഭാരമല്ല; ക്നാനായത്വം നമ്മുടെ ഭാഗ്യമാണ്. നാം ആഗ്രഹിച്ചിട്ടല്ല നാം ക്നാനായക്കാരൻ ആയത്. ദൈവത്തിന്റെ തീരുമാനമാണ് എന്നും നമുക്ക് പ്രത്യേക അതിരുകളില്ലാത്ത ജൂറിസ്ഡിക്ഷൻ ആണ് ഉള്ളതെന്നും പ്രസംഗിച്ചു. വിദേശത്ത് നിന്നും എത്തിയ അസ്സോസിയേഷൻ അംഗങ്ങളെ അനുമോദിച്ചു. ഹൈക്കോടതി ജസ്റ്റിസ് ആയി ഉയർത്തപ്പെട്ട ക്നാനായക്കാരൻ ജസ്റ്റീസ് ജോൺസൺ ജോണിനെ അനുമോദിച്ചു. അതിനുശേഷം 2023-28 വർഷത്തേക്കുള്ള അസ്സോസിയേഷൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കണമെന്ന് ആവശ്യപ്പെടുകയും ബഹു. വി. എ. ഏബ്രഹാം ഇളയശ്ശേരി അച്ചന്റെ പേര് ഫാ. ബിജു ആരമ്മാമൂട്ടിൽ നിർദ്ദേശിക്കുകയും സോമൻ മാത്യു ന്യൂസിലാൻഡ് പിൻതാങ്ങുകയും ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട തോമസ് കടപ്പനങ്ങാട്ട് അച്ചന്റെ പേര് ഫാ. ജിബി ജോസഫ് പ്ലാന്തോട്ടം നിർദ്ദേശിക്കുകയും ഫാ. ഏബ്രഹാം കട്ടത്തറ പിൻതാങ്ങുകയും ചെയ്തു. കടപ്പനങ്ങാട്ടച്ചൻ സ്വയമായി പിൻമാറുകയും ആയതിനാൽ വി. എ.ഏബ്രഹാം ഇളയശ്ശേരി അച്ചനെ അസ്സോസിയേഷൻ പ്രസിഡന്റായി ഐക്യകണ്ഠേന തെരഞ്ഞെടുത്തതായി സമുദായ മെത്രാപ്പോലീത്താ പ്രഖ്യാപിക്കുകയും ചെയ്തു.

പിന്നീടുള്ള തെരഞ്ഞെടുപ്പുകളുടെ നടത്തിപ്പിനായി വരണാധികാരിയായി പ്രസിഡന്റിനെ ചുമതലപ്പെടുത്തിയശേഷം അഭി. സമുദായ മെത്രാപ്പോലീത്താ അസ്സോസിയേഷൻ ഹാൾ വിട്ട് പോവുകയും ചെയ്തു.

തുടർന്ന് വൈദിക ട്രസ്റ്റിയെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി ബഹു. എം.സി. സക്കറിയ മധുരംകോട്ട് അച്ചന്റെ പേര് നിർദ്ദേശിക്കുകയും മറ്റാരുടെയും പേരുകൾ നിർദ്ദേശിക്കാതിരുന്നതുകൊണ്ട് ബഹു. എം. സി. സക്കറിയ മധുരംകോട്ടച്ചനെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ചു. തുടർന്ന് സമുദായ സെക്രട്ടറിയായി റ്റി. ഒ.ഏബ്രഹാം തോട്ടത്തിലിനേയും ശ്രീ.അനിൽ മാത്യു കിടങ്ങേറ്റിൽപറമ്പിലിന്റേയും പേരുകൾ നിർദ്ദേശിക്കുകയും തുടർന്ന് ട്രസ്റ്റിയായി ശ്രീ. റ്റി. സി. തോമസ് തോപ്പിലിനെയും ശ്രീ. ടിനു ഏബ്രഹാം തോട്ടുപുറത്തിന്റെയും പേരുകൾ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ക്നാനായ കമ്മിറ്റിയിലേയ്ക്ക് വേണ്ട 9 അംഗങ്ങൾക്കുവേണ്ടി പതിനേഴ് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് നസ്രേത്ത് ഫാർമസി കോളേജിലേയ്ക്ക് 5 പേർക്കുവേണ്ടി 6 അംഗങ്ങളുടെ പേര് നിർദ്ദേശിക്കുകയും ഫാർമസി കോളേജ് മാനേജർ സ്ഥാനത്തേയ്ക്ക് ജേക്കബ് ലൂക്കോസ് കോയിപ്പുറത്തിന്റെയും റീബു കണ്ണങ്കേരിലിന്റെയും പേര് നിർദ്ദേശിക്കുകയും റീബു കണ്ണങ്കേരിൽ പിന്മാറുകയും ശ്രീ. ജേക്കബ് ലൂക്കോസ് കോയിപ്പുറത്തിനെ ഫാർമസി കോളേജ് മാനേജർ ആയി എതിരില്ലാതെ തെരഞ്ഞെടുക്കുകയും ചെയ്തു.

1.30 ന് യോഗം ഉച്ചഭക്ഷണത്തിനുവേണ്ടി പിരിയുകയും രണ്ടു മുപ്പതിന് യോഗം പുനരാരംഭിക്കുകയും ഇലക്ഷൻ നടപടികൾ ആരംഭിക്കുകയും വോട്ടിംഗ് നടത്തുകയും ചെയ്തു. വോട്ടിംഗിന് ശേഷം വോട്ട് എണ്ണിയപ്പോൾ റ്റി. ഒ.ഏബ്രഹാം തോട്ടത്തിലിന് 253 വോട്ടും അനിൽ മാത്യു കിടങ്ങേറ്റിപറമ്പിലിന് 70 വോട്ടും, റ്റി.സി തോമസ് തോപ്പി

ലിന് 253 വോട്ടും ടിനു തോട്ടുപുറത്തിന് 69 വോട്ടും ലഭിച്ചു. ഏകദേശം 80% വോട്ട് ലഭിച്ച ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിനെ ക്നാനായ സമുദായ സെക്രട്ടറിയായും, ശ്രീ. റ്റി. സി. തോമസ് തോപ്പിലിനെ ക്നാനായ സമുദായ ട്രസ്റ്റിയായും തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ചു.

ക്നാനായ കമ്മിറ്റി അംഗങ്ങളായി ആലിച്ചൻ ആറൊന്നിൽ, ജോബി ജോസഫ് കാരിക്കോട്ട്, ലിനു ചെറിയാൻ വരാത്ര, കെ.പി.ഫിലിപ്പ് (സാബു കണ്ണാട്ടിപ്പുഴയിൽ), രഞ്ജു ചാക്കോ കോഴിമറ്റം, സജി റ്റി. ചാക്കോ താന്നിക്കൽ, തോമസുകുട്ടി തേവരുമുറിയിൽ, റ്റിജു ഏബ്രഹാം തോട്ടുപുറത്ത് മേലേതിൽ, ഉതുപ്പാൻ ജോസഫ് (രാജു വല്ലപ്പുരയ്ക്കൽ) എന്നീ 9 അംഗങ്ങളെ ക്നാനായ കമ്മിറ്റിയിലേയ്ക്ക് ബഹുഭൂരിപക്ഷത്തോടുകൂടി തെരഞ്ഞെടുത്തു.

ഓതറ നസ്രേത്ത് ഫാർമസി കോളേജിലേയ്ക്ക് പി. എ. ഏബ്രഹാം (കുഞ്ഞുഞ്ഞുകുട്ടി) കുഴികണ്ടത്തിൽ, ബൈജു മോൻ ചാക്കോ പുലയകുന്നിൽ, പി. കെ. കുര്യൻ (തങ്കച്ചൻ) പാട്ടമ്പലത്ത്, ലിൻസോ ഏലിയാസ് ഇളവൻകളം, ഇ. കെ.സണ്ണി ഇടയാടിയിൽ എന്നീ അഞ്ചംഗങ്ങളെ മഹാഭൂരിപക്ഷത്തോടെ തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ചു.

തുടർന്ന് ബാക്കിയുള്ള സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനായി തുടർയോഗം പിറ്റേദിവസം രാവിലെ 10 മണിയ്ക്ക് ഉണ്ടാകും എന്ന് മെത്രാപ്പോലീത്താ അറിയിക്കുകയും ആശിർവാദത്തിനുശേഷം യോഗം 9.30 പി.എം.ന് പിരിയുകയും ചെയ്തു.

ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് തുടർയോഗം ബഹു. അസ്സോസിയേഷൻ പ്രസിഡന്റ് ബഹു. വി. എ.ഏബ്രഹാം ഇളയശ്ശേരിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ആരംഭിക്കുകയും വരണാധികാരിയായി സമുദായ സെക്രട്ടറിയെ നിയമിക്കുകയും ചെയ്തു. തുടർന്ന് സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

നസ്രേത്ത് ആശ്രമം സെക്രട്ടറിയായി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി മോനായി പുന്നൂസ് ചെരിക്കലേത്ത്, റ്റിബി സക്കറിയ താമരപ്പള്ളിൽ, പി.എ.റെജി പ്ലാനിക്കുന്നേൽ, ബോബി പോത്തൻ കടയ്ക്കേത്ത്, റെജി ജേക്കബ് പുളിക്കാവിൽ, കുഞ്ഞുമോൻ ആലഞ്ചേരിൽ, സോണി സ്കറിയ കുന്നിരിക്കൽ എന്നിവരെ ഐക്യകണ്ഠേന തെരഞ്ഞെടുത്തതായി പ്രഖ്യാപിച്ചു.

ക്ലീമിസ് സ്കൂൾ & ജൂനിയർ കോളേജ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി അനു കുര്യൻ പാടകശ്ശേരിൽ, ഇ.പി. കുറിയാക്കോസ് ഇടവഴിക്കൽ, റ്റിംസ് തോമസ് കൊച്ചുപറമ്പിൽ, പി. കെ. മജു പുത്തൻപറമ്പിൽ, തമ്പി ചേലോടത്തിൽ, ജോജൻ ജോസഫ് മാവേലിൽ, ബിബിൻ ജോസഫ് നടുവിലേപറമ്പിൽ എന്നിവരെ എതിരില്ലാതെ തെരഞ്ഞടുത്തു.

ക്നാനായ ദീപം ചീഫ് എഡിറ്ററായി വെരി. റവ. റോയി മാത്യൂസ് കോർ-എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ, മാനേജിംഗ് എഡിറ്ററായി റവ. ഫാ. ജേക്കബ്കുട്ടി കെ. എസ്. കല്ലുകുളം, ബെന്നി മാത്യു കരിയിൽ, രൂപേഷ് ബേബി പെരുമ്പള്ളിപറമ്പിൽ, തോമസുകുട്ടി ആപ്പീസിൽ, സോണി കുന്നുംപുറത്ത്, ബിജു ആൻഡ്രൂസ് ഇടശ്ശേരിൽ എന്നിവരെ മാനേജിംഗ് കമ്മറ്റി മെമ്പേഴ്സ് ആയി എതിരില്ലാതെ തെരഞ്ഞെടുത്തു.

ക്ലീമീസ് പ്രസ് മാനേജരായി ബഹു. ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, കെ.എ. മാത്യു (ബേബി) കൊമറത്തുംപറമ്പിൽ, സാബു ജേക്കബ് ചിറയിൽ, ഒ. സി. യാക്കോബ് ഒലിയപ്പുറത്ത്, തമ്പി മാത്യു മുക്കാട്ട്, കെ. കെ. ചാക്കോ കൂർക്കകാലായിൽ, മാത്യു ഏബ്രഹാം (വേൽസ്കുട്ടി) പാരുമലയിൽ, കുര്യൻ ഏബ്രഹാം കൈപ്പുഴ എന്നിവരെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി എതിരില്ലാതെ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുത്തു. മോർ സേവേറിയോസ് വിദ്യാഭ്യാസ നിധി കമ്മിറ്റി അംഗങ്ങളായി ജേക്കബ് തോമസ് ചെറുവട്ടക്കാട്ട്, ജൂബി ജേക്കബ് കൊച്ചുപുരയ്ക്കൽ, ബിജു കൈതാരത്ത്, ജൂബി കെ. ജേക്കബ്, കൊല്ലംപറമ്പിൽ, ജിജി കുര്യൻ പോഴിമണ്ണിൽ എന്നിവരെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

ഓതറ സ്കൂളിന്റെ മാനേജിംഗ് കമ്മിറ്റിയിലേയ്ക്ക് വിജു എം. ജോസഫ് മുണ്ടയ്ക്കൽ, പി.സി. ജേക്കബ് പുളിച്ചാമൂട്ടിൽ, അലക്സാണ്ടർ ഏബ്രഹാം ചെറുതറയിൽ എന്നിവരെ എതിരില്ലാതെ തെരഞ്ഞെടുത്തു.

കാനാ തോമാ ഹോസ്റ്റൽ കമ്മിറ്റി അംഗങ്ങളായി ജൂബി ഫിലിപ്പ് കിഴക്കേടത്ത്, സഞ്ചയ് തോമസ് വിലങ്ങൻപാറ എന്നിവരെ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുത്തു.

ഫാമിലി ഡയറക്ടറേറ്റിലേയ്ക്ക് ബഹു. രാജൻ കുളമട അച്ചനെ ഡയറക്ടറായും, ബഹു. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ അച്ചനെ സെക്രട്ടറി ആയും, ബഹു. ഫാ.ജേക്കബ് പി.ജേക്കബ്, പുത്തൻപുരയ്ക്കൽ, ബഹു. ഫാ. എ. പി. ജേക്കബ്, ആഞ്ഞിലിമൂട്ടിൽ, ബഹു. ഫാ.മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ, ബഹു ഫാ.ശീതൾ ഏബ്രഹാം, മണിമലേത്ത്, റവ.ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ, റവ.ഡോ. ജെയിംസ് ജേക്കബ് തോടത്തിൽ, ഫാ. ജെയിൻ തോമസ് കുളത്തുങ്കൽ എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു.

ഓതറ സ്ക്കൂളിന്റെ മാനേജിംഗ് കമ്മിറ്റിയിലേയ്ക്ക് വിജു എം. ജോസഫ് മുണ്ടയ്ക്കൽ, പി.സി. ജേക്കബ് പുളിച്ചാമൂട്ടിൽ, അലക്സാണ്ടർ ഏബ്രഹാം ചെറുതറയിൽ എന്നിവരെ എതിരില്ലാതെ തെരഞ്ഞെടുത്തു.

വൈദിക കൗൺസിൽ അംഗങ്ങളായി ബഹു. ഫാ. ജെയിൻ തോമസ് കുളത്തുങ്കൽ, ബഹു. ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്, ബഹു. ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ, ബഹു. ഫാ. കൊച്ചുമോൻ തോമസ് ഐക്കാട്ട് മാളിയേക്കൽ എന്നിവരെ എതിരില്ലാതെ തെരഞ്ഞെടുത്തു.

ഫലപ്രഖ്യാപനം അഭി. സമുദായ മെത്രാപ്പോലീത്ത അസ്സോസിയേഷൻ ഹാളിൽ വന്ന് പ്രഖ്യാപിക്കുകയും ആശീർവാദത്തോടുകൂടി യോഗം പര്യവസാനിക്കുകയും ചെയ്തു.

കഴിഞ്ഞ 2018-2023 ലെ കാലഘട്ടം പോലെ 2023-28 കാലഘട്ടം ക്നാനായ സമുദായത്തിന്റെ സുവർണ്ണ കാലഘട്ടമാകുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ആയതിനു വേണ്ടി എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി സമുദായ സെക്രട്ടറി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# സഭ - ക്രിസ്തുവിന്റെ ശരീരം പൗരസ്ത്യ ദൈവശാസ്ത്ര വീക്ഷണത്തിൽ

ഫാ. ടിനോ തോമസ് മടത്തിൽമണ്ണിൽ ചെറുമഠകാലായിൽ

യേശു മ്ശിഹാ സഭയുടെ തലയാകുന്നു (എഫേ.5:23). "ഇത് അവന്റെ ശരീരമാണ്; എല്ലാറ്റിലും എല്ലാം പൂർത്തിയാക്കുന്ന അവന്റെ പൂർണ്ണതയാണ്" (എഫേ.1:23). ഈ വാക്യങ്ങളിലൂടെ ക്രിസ്തുവിന്റെ ശരീരമാണ് സഭ എന്ന് പരി. പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു. ഈ പ്രപഞ്ചത്തിലെ ദൈവീക പദ്ധതിയുടെ പൂർത്തീകരണം വി. സഭയിലൂടെ സംഭവിക്കുന്നു (എഫേ.3:9-10). ആയതുകൊണ്ട് കാതോലികവും അപ്പോസ്തോലികവുമായ ഏകസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു (Cf Nicene Creed) എന്നത് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ വളരെ പ്രാധാന്യത്തോടെ നിലകൊള്ളുന്നു.

ക്രിസ്തുവാണ് സഭയുടെ സ്ഥാപകൻ. ക്രിസ്തു തന്നെയാണ് വി.സഭ. ക്രിസ്തുവിന്റെ ശരീരമായ വി.സഭയിൽ കൂടി മാത്രമേ രക്ഷ സാധ്യമാകുകയുള്ളൂ. ഒരു ക്രിസ്ത്യാനിയുടെ ആത്യന്തികമായ ജീവിതലക്ഷ്യം ക്രിസ്തുവിനോട് അനുരൂപരായി അവനെ അനുഗമിച്ച് രക്ഷയുടെ തീരത്ത് എത്തിച്ചേരുക എന്നതാണല്ലോ. അത് വി. സഭയിലൂടെ മാത്രം സാധ്യമാകുന്ന ഒന്നാണ്. ആദിമ സഭാപിതാവായ സിപ്രിയാന്റെ (Cyprian of Carthage) വളരെ പ്രധാനപ്പെട്ട ഒരു ഉദ്ധരണിയാണ് "There is no salvation outside the church" (സഭയ്ക്ക് പുറത്ത് രക്ഷ സാധ്യമല്ല). ക്രിസ്തു രക്തം ചീന്തി വീണ്ടെടുത്ത, തന്റെ മണവാട്ടിയായ സഭയിലൂടെ രക്ഷയും, നിത്യമായ ജീവനും നമുക്ക് ലഭിക്കുന്നു. യേശുക്രിസ്തുവിന്റെ രക്ഷണ്യ പദ്ധതിയുടെ (Economy of Salvation) ഏറ്റവും മർമ്മ പ്രധാനമായ Paschal mysteries of Christ - Passion, Death and the Resurrection of Christ (ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങൾ) അനുസ്മരിക്കുന്നതും (commemoration) അത് ഒരു വിശ്വാസിയ്ക്ക് അനുഭവവേദ്യമാകുന്നതും വി. സഭയിലൂടെയാണ്.

ആദിമ സുറിയാനി സഭാപിതാവായ മോർ അഫ്രേം വിശ്വാസഗീതങ്ങളിൽ പാടുന്നത്.

"മർത്യരായ മനുഷ്യർക്കായി ദൈവം ഭൂമിയിലേയ്ക്ക് ഇറങ്ങി വന്നത് മാലാഖമാരെപ്പോലെ അവരെ വീണ്ടും പുതിയ ഒരു സൃഷ്ടി ആക്കുവാനും നശ്വരമായ ശരീരമുള്ള മനുഷ്യന് തീയാകുന്ന, ആത്മാവാകുന്ന, അനശ്വരഭക്ഷണമായ വി.കുർബ്ബാന നൽകുവാനുമാണ്" (Cf. Ephrem the Syrian, Hymns on Faith 10, 11) ഓരോ വിശ്വാസിയും സഭയുടെ കൗദാശിക ജീവിതത്തിലൂടെ മാലാഖാ സമൻമാരായി തീരുന്നു. പൗരസ്ത്യ പിതാക്കന്മാരുടെ വേദശാസ്ത്ര വീക്ഷണമനുസരിച്ച് ദൈവീകരണം (Divinization) സാധ്യമാകുന്നത് വി.സഭയുടെ കൂദാശകളിലൂടെയാണ് (Sacraments). ദൈവം സൃഷ്ടിച്ച ഈ ലോകത്തിന് തന്നെ കൗദാശിക സ്വഭാവം ഉണ്ടെന്ന് മോർ അഫ്രേം പറയുന്നു. (Cf. Ephrem the Syrian, Hymns on Virginity 20:12).

പൗരസ്ത്യ ദൈവശാസ്ത്രം അനുസരിച്ച് പാപംമൂലം ആദിമ പറുദീസാ (Primordial Paradise) വാളാൽ അടക്കയ്പ്പെട്ടപ്പോൾ (ഉല്പ.3:24) ക്രിസ്തുവിന്റെ തിരുവിലാവിലേയ്ക്ക് കയറിയ മറ്റൊരു വാളാൽ സഭയാകുന്ന പുതിയ പറുദീസാ (New Paradise) തുറക്കപ്പെടുകയാണ് (Pierced side of Christ - This term is very popular and constantly using to denote the Church and the Scaraments in the theological arena). ക്രിസ്തുവിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും വി. സഭയുടെ കൂദാശകളായ വി. കുർബ്ബാനയെയും, വി. മാമോദീസായേയും സൂചിപ്പിക്കുന്നു. (Cf.Jn 19:34, Ephrem the Syrian, Commentary on Tatian's Diatessaron 21:10). ആദിമ പറുദീസയിൽ ആദാമിനും ഹൗവ്വായ്ക്കും നഷ്ടമായ ജീവവൃക്ഷത്തിന്റെ ഫലമായ (Fruit of the tree of life) വി. കുർബ്ബാന മനുഷ്യരായ നമുക്ക് പുതിയ പറുദീസയായ വി.സഭയിൽ കൂടി അനുഭവിക്കുവാൻ സാധിക്കുന്നു. കർത്താവിന്റെ രണ്ടാം വരവിങ്കൽ, യുഗാന്ത്യ പറുദീസയുടെ (Eschatological Paradise) മുന്നാസ്വാദനമായി സഭയാകുന്ന പുതിയ പറുദീസാ നിലകൊള്ളുന്നു.

സുറിയാനി പിതാക്കന്മാരുടെ ദൈവശാസ്ത്ര വ്യാഖ്യാനങ്ങൾ അനുസരിച്ച് ഒരു അമ്മ നിർവ്വഹിക്കുന്ന അതേ ദൗത്യമാണ് സഭാമാതാവും നിർവ്വഹിക്കുന്നത് എന്ന് മനസ്സിലാക്കാം.

1. To give birth (ജന്മം കൊടുക്കുക). ഒരു അമ്മ കുഞ്ഞിന് ജന്മം നൽകുന്നതുപോലെ വി.സഭയുടെ ഗർഭപാത്രമായ (womb) മാമോദീസാ തൊട്ടിയിലൂടെ (Baptismal font) സഭാ വിശ്വാസികൾക്ക് ജന്മം നൽകുന്നു. (Cf. Syriac Orthodox prayer the 'Womb of the font' and Brock, The Holy Spirt in the Syrian Baptismal tradition)

2. To nourish (പരിപോഷിപ്പിക്കുക). ഒരു അമ്മ തന്റെ കുഞ്ഞിന് ശാരീരികമായി വളരുവാൻ ആവശ്യമായ ഭക്ഷണം നൽകി പരിപോഷിപ്പിക്കുന്നതുപോലെ സഭ ആത്മീയ വളർച്ചയ്ക്ക് ആത്മീയ ഭക്ഷണമായ, ജീവന്റെ ഔഷധവുമായ (Medicine of life) വി.കുർബ്ബാന നൽകി പരിപോഷിപ്പിക്കുന്നു (Cf. Ephrem the Syrian Hymns on virginity 31: 13).

3. To Protect (സംരക്ഷിക്കുന്നു). ഒരു അമ്മ പ്രതികൂല സാഹചര്യങ്ങളിൽ മക്കളെ സംരക്ഷിക്കുന്നതുപോലെ സഭ വേദവിപരീതികളിൽ നിന്ന് നമ്മെ സംരക്ഷിച്ച് സത്യവിശ്വാസത്തിൽ വഴി നടത്തുന്നു. (Cf. Ephrem the Syrian, Hymns against the Heresies). ഒരു കുഞ്ഞും അമ്മയുമായുള്ള പൊക്കിൾക്കൊടി ബന്ധം പോലെ തന്നെയോ അതിലും ഉപരിയായോ ഒരു ക്രൈസ്തവ വിശ്വാസി നിലനിർത്തേണ്ടതാണ് വി. സഭയുമായുള്ള പൊക്കിൾകൊടി ബന്ധം.

പരമ്പരാഗതമായ മുഖ്യധാരാ സഭകളുടെ ദൈവശാസ്ത്രം അനുസരിച്ച് എഴുതപ്പെട്ട ദൈവവചനങ്ങൾ ആയിരിക്കുന്ന (Written word of God) ബൈബിൾ പോലെ തന്നെ

പ്രാധാന്യം ഉള്ളതാണ് എഴുതപ്പെടാത്ത ദൈവവചനങ്ങൾ (unwritten word of God). അത് സഭയുടെ വി. പാരമ്പര്യങ്ങൾ ആണ് (sacred tradition of the holy Church). ഒരു ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ച് വി. സഭയോട് ചേർന്നുള്ള കൗദാശിക ജീവിതമാണ് ഏറ്റവും പ്രാധാന്യമായിട്ടുള്ളത്, കാരണം അത് ദൈവകല്പനയാണ്. രക്ഷയുടെ വാതായനങ്ങൾ ക്രിസ്തു സഭയിലൂടെ നമ്മുടെ മുൻപിൽ തുറക്കപ്പെട്ടിരിക്കുന്നു. പരി.സുറിയാനി ഓർത്തഡോക്സ് സഭയിലൂടെ ദൈവികവും, പൗരാണികവും മഹത്തരവുമായ ഒരു ക്രൈസ്തവ പാരമ്പര്യത്തിന്റെ കണ്ണിയായി നാം നില കൊള്ളുന്നു. "രക്തത്താൽ ഞാൻ വാങ്ങിയൊരി സഭയെ നിങ്ങൾ സംരക്ഷിപ്പിൻ" (Cf. hymns from the holy matrimony service book of the Syriac Orthodox Church) എന്ന ദൈവീക കല്പന ശിരസ്സാ വഹിച്ചും കർത്താവേ നിന്റെ കൃപയ്ക്ക് മക്കളും നിന്റെ ഏകപുത്രന് സഹോദരങ്ങളുമായിത്തീരുവാൻ ഞങ്ങൾക്കിടയാക്കിയ ആ പരിശുദ്ധ പിതാക്കന്മാരോടുള്ള ബന്ധത്തിൽ നിന്ന് ഞങ്ങളെ നീ ബഹിഷ്കരിച്ച് ദൂരത്താക്കരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സഭയുടെ ഭിത്തിയെ നമുക്ക് ബലവത്താക്കാം. (Cf. Syriac Orthodox Church Eucharistic Service book).

# നന്ദിപൂർവ്വം










ക്നാനായ ദീപം (2018-2023) എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെ കാലാവധി പൂർത്തിയായി. 2023-2028 വർഷത്തേയ്ക്കുള്ള പുതിയ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ 24-10-2023-ൽ കൂടിയ ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുത്തുവല്ലോ.

കഴിഞ്ഞ അഞ്ചുവർഷക്കാലം ചുമതല ആരംഭിച്ചപ്പോൾ പുതുമകൾ കൊണ്ടുവരുന്നതിനെപറ്റി ആലോചിച്ചപ്പോൾ യശ:ശരീരനായ ഡോ. ഡി. ബാബു പോൾ ഐ.എ. എസിന്റെ പംക്തി, സുനിൽ ഡി. കുരുവിളയുടെ പംക്തിയും, ഏവൻഗേലിയോൻ ദീപവും, മല്പാനോട് ചോദിക്കാൻ എന്നീ പുതിയ പംക്തികൾ ആരംഭിക്കുവാൻ സാധിച്ചു. വായനക്കാർക്കായി ദീപാങ്കുരം എന്ന പേരിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. മിക്കവാറും എല്ലാ മാസങ്ങളിലും എഡിറ്റോറിയൽ ബോർഡ് യോഗങ്ങൾ ചേരുവാൻ സാധിച്ചു. എല്ലാ യോഗങ്ങളിലും എല്ലാ അംഗങ്ങളും പങ്കെടുത്ത് സജീവമാക്കുവാൻ സാധിച്ചു.

ചുമതലയേൽക്കുമ്പോൾ നീക്കുബാക്കിയായി 22 ലക്ഷം രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 52 ലക്ഷം രൂപയായി ഉയർത്തുവാൻ സാധിച്ചു. കൂടാതെ സമുദായം ഇൻകം ടാക്സ് അടച്ച ഫണ്ടിലേക്ക് 10 ലക്ഷം രൂപ ക്നാനായദീപത്തിന്റെ സംഭാവനയായി നൽകുവാൻ സാധിച്ചു. ആകെ 40 ലക്ഷം രൂപ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് സമാഹരിക്കുവാൻ സാധിച്ചു.

ഒറ്റക്കെട്ടായി അഭിപ്രായ വ്യത്യാസങ്ങളില്ലാതെ ആത്മാർത്ഥമായി പ്രവൃത്തിച്ചതുകൊണ്ടാണ് ഇത് സാധ്യമായത്. ചീഫ് എഡിറ്റർ റോയി മാത്യൂസ് കോർ-എപ്പിസ്ക്കോപ്പ മുളമൂട്ടിൽ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ കെ.എം. തോമസ് കൊമറത്തുംപറമ്പിൽ, ഇ. പി. കുറിയാക്കോസ് ഇടവഴിക്കൽ, റ്റി.എസ്. മാത്തുക്കുട്ടി തെക്കേപറമ്പിൽ, അനു കുര്യൻ പാടകശ്ശേരിൽ, സിബി മാത്യു തോണ്ടുകുഴിയിൽ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

എല്ലാവിധമായ പ്രോത്സാഹനങ്ങളും നല്കിയ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ ഭാരവാഹികൾ എല്ലാവരോടുമുള്ളതായ നന്ദി അറിയിക്കുന്നു.

പുതിയ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട ബെന്നി മാത്യു കരിയിൽ, രൂപേഷ് ബേബി പെരുമ്പള്ളിപറമ്പിൽ, തോമസുകുട്ടി ആപ്പീസിൽ, ബിജു ആൻഡ്രൂസ് ഇടശ്ശേരിൽ, സോണി ജേക്കബ് കുന്നുംപുറത്ത് എന്നിവരെ സ്വാഗതം ചെയ്യുന്നു.

പുതിയ എഡിറ്റോറിയൽ ബോർഡ് ഈ തുടർച്ചയിലൂടെ ഉയർച്ചകളിലേക്ക് നയിക്കുവാൻ ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സസ്നേഹം
**ഫാ. ജേക്കബ് കല്ലുകുളം**
മാനേജിംഗ് എഡിറ്റർ

# ചിലന്തിയും തേനീച്ചയും

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

സ്വതന്ത്രമായി പാറിപ്പറന്ന് പൂക്കളിൽനിന്ന് പൂമ്പൊടി ശേഖരിക്കുന്ന ഒരു തേനീച്ച അതിന്റെ പ്രയാണത്തിൽ ഒരു ചിലന്തിവലയിൽ കുടുങ്ങുവാനിടയായി. വല കുലുങ്ങിയപ്പോൾ തൽക്ഷണം ഒരു മൂലയ്ക്ക് പതിയിരുന്ന ചിലന്തി ഓടി അതിന്റെ സമീപത്തെത്തി. സ്വതന്ത്രമാകാൻ വെപ്രാളം കൂട്ടുന്ന തേനീച്ചയോട് സംഭാഷണത്തിനൊരുങ്ങി.

തേനീച്ചകളായ നിങ്ങൾ പമ്പരവിഡ്ഢികളാണ്. കാരണം നിങ്ങൾ എപ്പോഴും കൂടുവിട്ട് പാറിപ്പറക്കുകയാണ്; ഒരു പൂവിൽനിന്ന് മറ്റൊന്നിലേക്ക്. ഓരോന്നിൽനിന്നും പൂമ്പൊടി ശേഖരിക്കുന്ന തീവ്ര ശ്രമത്തിൽ ഏർപ്പെടുന്നു. വിശ്രമമില്ലാതെ മൂളിപ്പാട്ടും പാടി നിങ്ങൾ കഠിനപ്രയത്നത്തിലാണ്. പൂമ്പൊടി ശേഖരിച്ച് നിങ്ങളുടെ അറകളിൽ അതിനെ മധുരം കിനിയുന്ന തേനാക്കി മാറ്റുകയാണ്. അവസാനം ആ തേൻ മനുഷ്യർ തട്ടിക്കൊണ്ടുപോയി അവർ ഭക്ഷണമാകുന്നു. നിങ്ങൾ വിശ്രമം എന്തെന്നോ ജീവിതം സുഖമായി ആസ്വദിക്കാനുള്ളതാണെന്നോ അറിയുന്നില്ല. നിങ്ങളുടെ കഠിനാദ്ധ്വാനമെല്ലാം മറ്റുള്ളവർക്കുവേണ്ടിയല്ലേ? മറ്റുള്ളവർ ജീവിക്കുവാൻ നിങ്ങൾ മരിക്കുന്ന അനുഭവമല്ലെ ഉണ്ടാകുന്നത്.

എന്നാൽ ചിലന്തികളായ ഞങ്ങൾ നിങ്ങളെപ്പോലെയല്ല. ഞങ്ങൾ കൂടുവിട്ട് പുറത്തേക്കു പോകാറില്ല. ബാഹ്യലോകത്തിലേക്ക് പോയി ആവശ്യങ്ങൾ നിറവേറ്റേണ്ട ഗതികേട് ഞങ്ങൾക്കില്ല. മാത്രമല്ല മറ്റുള്ളവരെ തൃപ്തിപ്പെടുത്തുക എന്ന മൗഢ്യം ഞങ്ങൾക്കില്ല. ഞങ്ങൾ ഞങ്ങളുടേതായ ലോകത്തിൽ മാത്രം ജീവിക്കുന്നു. ഞങ്ങൾക്കുള്ള ആഹാരം ഞങ്ങളുടെ അടുക്കൽ വന്നെത്തും. അങ്ങനെ യാതൊരു അദ്ധ്വാനവും കൂടാതെ ജീവിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നു. നിങ്ങളെപ്പോലെ പറന്നു നടക്കുന്നവർ ഞങ്ങളുടെ അടുക്കൽ എത്തുന്നതുകൊണ്ട് ഞങ്ങൾക്ക് അലസമായി വിശ്രമപൂർണ്ണമായ ജീവിതം നയിക്കാം. ഞങ്ങളുടെ 'ചിലന്തി ലോകം'- അതിനപ്പുറമൊന്നും ഞങ്ങൾ മോഹിക്കുന്നില്ല.

തേനീച്ച മറുപടി നൽകി: നിങ്ങളുടെ ഉള്ളിൽനിന്നുതന്നെ പുറപ്പെടുന്ന സാധനം കെണിയൊരുക്കാൻ ഉപയുക്തമാണ്, അങ്ങനെ നിങ്ങൾ വലയൊരുക്കുന്നു. പക്ഷെ അതിൽ തന്നെ നിങ്ങൾ ബന്ധിക്കപ്പെട്ടു കഴിയുകയല്ലേ; നിങ്ങളുടെ തടവറ നിങ്ങൾ തന്നെയല്ലേ ഉണ്ടാക്കുന്നത്? ജീവിതത്തിന്റെ സന്തോഷവും സൗന്ദര്യവും അനുഭവിക്കാൻ നിങ്ങൾക്ക് കഴിയാതെ പോകുന്നു, എന്നു മാത്രമല്ല മറ്റുള്ളവരെ കുരുക്കിലാക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യം എന്തെന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടോ; നറുമണം പരത്തുന്ന ഒരു പൂവിനെ പുൽകിയശേഷം മറ്റൊന്നിലേക്ക് പറന്നെത്തുന്ന സന്തോഷം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ. എന്തെല്ലാം വൈവിധ്യമാർന്ന പൂക്കൾ, വൈവിധ്യമായ നിറങ്ങൾ, വ്യത്യസ്ഥ രൂപലാവണ്യം നിറഞ്ഞവ; അവ നൽകുന്ന പൂമ്പൊടി ഹൃദയഹാരിയാണ്. ഞങ്ങൾ ആ പൂമ്പൊടി ഞങ്ങളുടെ അറകളിൽ രൂപവ്യത്യാസപ്പെടുത്തി മധുരം കിനിയുന്ന മധുവായി മാറ്റുന്നു. മനുഷ്യരുടെ ജീവിതത്തിന് മധുരം പകരാൻ ഞങ്ങൾക്ക് സാധിക്കുന്നു. അത് മഹാഭാഗ്യമായി കരുതുന്നു. നിങ്ങൾ അലസരും സ്വാർത്ഥമതികളുമാണ്. ജീവിതത്തിന്റെ യഥാർഥ സന്തോഷവും സ്വാതന്ത്ര്യവും അനുഭവിക്കാൻ കഴിയാത്ത ഹതഭാഗ്യർ. മറ്റുള്ളവരെ കുരുക്കിലാക്കി സ്വന്തജീവിതം അലസതയിൽ കഴിക്കുന്ന നിങ്ങൾ വീട്ടമ്മമാരുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നു. നിങ്ങൾ ഭവനങ്ങളുടെ തട്ടുകളും മൂലകളും എല്ലാം വികൃതമാക്കുന്നു.

സമൂഹത്തിൽ ചിലന്തിയെപ്പോലെ ജീവിക്കുന്ന മനുഷ്യരുണ്ട്. സ്വാർത്ഥമതികളായി തങ്ങളുടേതായ ലോകത്തിൽ അവർ കഴിയുന്നു. മറ്റുള്ളവരെ കുരുക്കിലാക്കാൻ വല നെയ്തു ശരിയാക്കും. അവരുടെ ഉള്ളിൽനിന്നു തന്നെ ഉളവാക്കുന്നതാണ്. അദ്ധ്വാനത്തിലും പരിശ്രമത്തിലും വിശ്വാസമില്ലാതെ അലസതയിലും ഉദാസീനതയിലും ജീവിതം നയിക്കും. പക്ഷെ മറ്റുള്ളവരെ വലയിൽ വീഴിക്കാനുള്ള തന്ത്രങ്ങളൊക്കെ മെനയുകയും ചെയ്യും. വലയിൽ അകപ്പെട്ടു കഴിഞ്ഞാൽ രക്ഷപെടാൻ അനുവദിക്കാതെ വരിഞ്ഞു മുറുക്കി തന്റെയാക്കാൻ ഒരുങ്ങും. സ്വാർത്ഥത, അലസത, സങ്കുചിതത്വം, പരദ്രോഹചിന്ത, ഇവയൊക്കെയാണ് അവർക്ക് കൈമുതലായുള്ളത്.

തേനീച്ചകളുടെ സ്വഭാവമുള്ള മനുഷ്യരേയും കാണാം. അവർ പരിശ്രമശാലികളാണ്. സദാകർമനിരതരായിരിക്കും. ചുറ്റുപാടുകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ജീവിതശൈലിയാണ്, തങ്ങൾക്കുണ്ടാകുന്ന അനുഭവങ്ങളെ അവർ രൂപാന്തരപ്പെടുത്തുന്നു. കയ്പിൽനിന്ന് മധുരമുളവാക്കാൻ അവർക്ക് പ്രത്യേക സിദ്ധിയുണ്ട്. അവർ മറ്റുള്ളവരുടെ ജീവിതത്തിലേക്ക് കടന്നു ചെന്ന് അതിനെ മധുരപൂർണ്ണമാക്കുന്നു. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പെരുമാറ്റംകൊണ്ടും ജീവിതം ഹൃദ്യമാക്കാൻ ഉദ്യമിക്കുന്നു. ഇങ്ങനെയുള്ളവർ അധികം കണ്ടെന്ന് വരികയില്ല. പക്ഷെ അവർ സമൂഹത്തെ സമ്പന്നരാക്കുന്നവരാണ്.

ഓരോ അനുവാചകനും സ്വയം ചോദിക്കേണ്ട ഒന്നുണ്ട്. ഞാൻ തേനീച്ചയുടെ സ്വഭാവക്കാരനോ ചിലന്തിയുടെ സ്വഭാവക്കാരനോ എന്ന്. ആത്മശോധനയിൽകൂടി ഉത്തരം കണ്ടെത്തുക.

# ക്നാനായ അസ്സോസിയേഷൻ 2023



ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ നിന്നും മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ യോഗസ്ഥലമായ ക്നായി തൊമ്മൻ ഹാളിലേയ്ക്ക് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ വൈദിക ശ്രേഷ്ഠരും, ക്നാനായ കമ്മിറ്റി അംഗങ്ങളും, പള്ളിപ്രതിപുരുഷന്മാരും ചേർന്ന് സ്വീകരിച്ചാനയിക്കുന്നു.



രണ്ടു ദിവസമായി നടന്ന ആഗോള മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ സമാപന സമ്മേളനത്തിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമാപന സന്ദേശം നല്കുന്നു. അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, വൈദിക ട്രസ്റ്റി ഫാ. എം. സി. സക്കറിയ മധുരം കോട്ട്, അൽമായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, കെ പി ഫിലിപ്പ് കണ്ണാട്ടിപ്പുഴയിൽ, ഉതുപ്പാൻ ജോസഫ്, ചരിവ്പറമ്പിൽ, രഞ്ജു ചാക്കോ കോഴിമറ്റം, ലിനു ചെറിയാൻ വരാത്ര, ജോബി ജോസഫ് കാരിക്കോട്ട്, സജി റ്റി. ചാക്കോ താന്നിക്കൽ, തോമസുകുട്ടി തേവരുമുറിയിൽ, റ്റിജു ഏബ്രഹാം തോട്ടുപുറത്ത് എന്നിവർ സമീപം.



ക്നാനായ സമുദായത്തിന്റെ പുതുതായി ചാർജെടുക്കുവാൻ പോകുന്ന ക്നാനായ കമ്മിറ്റി അംഗങ്ങളും സമുദായ സ്ഥാപനങ്ങളിലെ ഭാരവാഹികളും ഗവേണിംഗ് ബോർഡ് അംഗങ്ങളും ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടൊപ്പം.



ഓതറ നസ്രത്ത് കോളേജ് ഓഫ് ഫാർമസിയുടെ ഗ്രാജുവേഷൻ സെറിമണി എംജി സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോക്ടർ സിറിയക് തോമസ് ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നിർവഹിക്കുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്, കോളേജ് സെക്രട്ടറി സാജൻ എബ്രഹാം നോച്ചുവേലി, T. K. കുര്യൻ തേക്കാട്ടിൽ, ജേക്കബ് ലൂക്കോസ് കോയിപുറത്ത്, പി.എ. എബ്രഹാം കുഴികണ്ടത്തിൽ, ബിനു കുരുവിള കല്ലേമണ്ണിൽ, ഉതുപ്പാൻ ജോസഫ് ചരുവുപറമ്പിൽ, C A പുന്നൂസ് ചിറത്തലയ്ക്കൽ, കോളേജ് പ്രിൻസിപ്പൽ ശ്രീമതി എൽസി എബ്രഹാം എന്നിവർ സമീപം.

# ക്നാനായ സമുദായ ഭാരവാഹികൾ 2023-2028

അസ്സോസിയേഷൻ പ്രസിഡന്റ്



റവ.ഫാ.വി.എ.ഏബ്രഹാം
ഇളയശ്ശേരിയിൽ

സമുദായ സെക്രട്ടറി



റ്റി.ഒ. ഏബ്രഹാം (തങ്കച്ചൻ)
തോട്ടത്തിൽ

വൈദിക ട്രസ്റ്റി



റവ.ഫാ.എം.സി. സക്കറിയ
മധുരം കോട്ട്

അൽമായ ട്രസ്റ്റി



ശ്രീ. റ്റി. സി. തോമസ്
തോപ്പിൽ

## ക്നാനായ കമ്മിറ്റി അംഗങ്ങൾ



ആലിച്ചൻ
ആറൊന്നിൽ



കെ.പി. ഫിലിപ്പ് (സാബു)
കണ്ണാട്ടിപ്പുഴയിൽ



ഉതുപ്പാൻ ജോസഫ്
(രാജു വള്ളപ്പുരയ്ക്കൽ)
ചെരിവ്പറമ്പിൽ



തോമസുകുട്ടി
തേവരുമുറിയിൽ



ലിനു ചെറിയാൻ
വരാത്ര



ജോബി ജോസഫ്
കാരിക്കോട്ട്



സജി റ്റി. ചാക്കോ
താന്നിക്കൽ



രഞ്ജു ചാക്കോ
കോഴിമറ്റം



റ്റിജു ഏബ്രഹാം
തോട്ടുപുറത്ത്

# ക്നാനായദീപം എഡിറ്റോറിയൽ ബോർഡ് 2023-2028

**രക്ഷാധികാരി**



**അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**
(ക്നാനായ സമുദായ മെത്രാപ്പോലീത്ത)

**ചീഫ് എഡിറ്റർ**



**റോയി മാത്യൂസ് കോർ എപ്പിസ്കോപ്പാ മുളമൂട്ടിൽ**

**മാനേജിംഗ് എഡിറ്റർ**



**ഫാ. ജേക്കബ് കല്ലുകുളം**

Ex-Officio



**റ്റി.ഒ. എബ്രഹാം**
തോട്ടത്തിൽ
(സമുദായ സെക്രട്ടറി)

Ex-Officio



**റ്റി.സി. തോമസ്**
തോപ്പിൽ
(സമുദായ ട്രസ്റ്റി)



**ബെന്നി മാത്യു**
കരിയിൽ



**ബിജു ആൻഡ്രൂസ്**
ഇടശ്ശേരിൽ



**രൂപേഷ് ബേബി**
പെരുമ്പള്ളിപറമ്പിൽ



**തോമസുകുട്ടി എ. കുര്യൻ**
ആപ്പീസിൽ



**സോണി ജേക്കബ്**
കുന്നുംപുറത്ത്



ക്നാനായ ദീപം നിലവിലുള്ള എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും, ക്ലീമീസ് പ്രസ്സ് നിലവിലുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടൊപ്പം

# ക്ലീമിസ് പ്രസ്സ് മാനേജിംഗ് കമ്മിറ്റി 2023-2028



ഫാ. ഷെറിൻ സി.
കൊല്ലംപറമ്പിൽ
(പ്രസ്സ് മാനേജർ)



കെ.കെ. ചാക്കോ
കൂർക്കകാലായിൽ



കുര്യൻ ഏബ്രഹാം
കൈപ്പുഴ



കെ.എ. മാത്യു (ബേബി)
കൊമറത്തുംപറമ്പിൽ



മാത്യു ഏബ്രഹാം
(വെയിൽസ്കുട്ടി)
പാരുമലയിൽ



സാബു ജേക്കബ്
ചിറയിൽ



തമ്പി മാത്യു
മുക്കാട്ട്



ഒ.സി. യാക്കോബ്
ഒലിയപ്പുറത്ത്

# UAE വനിതാസമാജം Zonal Meet



ഷാർജാ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ട UAE വനിതാസമാജം Zonal Meet ൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അബുദാബി മോർ ഗ്രീഗോറിയോസ് പള്ളിയിലെ വനിതാസമാജം അംഗങ്ങൾ.

Advt - O



## *Happy 70th Birthday*

10-11-2023

# P.A. Abraham (Kunjunjukutty)

**Kuzhikandathil, Kallissery**

Advt -O

*Best wishes from*
Mariamma Abraham (Wife)
Children: Liju and Jeni, Linu and Shibu
Grand Children: Joshua, Johan, Jayden, Jairus, Joel, Jewel, Josh

## 50th Wedding Anniversary

22/10/2023

"ഇതുവരെ കരുതിയ ദൈവത്തിന് സ്തോത്രം"



# K.S. Kuriakose & Kunjamma Kuriakose

**Kuriakal House, Aythala, Ranny**

Advt -O

With love,
Abraham, Nancy, Josh, Jovial, Siby, Sandra, Jordan, Joyce, Caleb

## *Wedding Anniversary*

# Sheba Sabukutty & Sabukutty Joy

**Puthuchirayil, Ranni**



Advt -O

It is 41 years that God blessed our Chacha and Amma go together and many more years ahead. We are really proud of you.

Nikhil & Nimisha
Nikhila & Jithu
Nekha.
Zane & Zayan
Nidhaan and Nadhal

# മലങ്കര സുറിയാനി ക്നാനായ വിമൻസ് അസ്സോസിയേഷന്റെ 2024-ലെ കലണ്ടർ പ്രകാശനം



Advt -O

മലങ്കര സുറിയാനി ക്നാനായ വിമൻസ് അസ്സോസിയേഷന്റെ 2024–ലെ കലണ്ടർ പ്രകാശനം ചിങ്ങവനം മോർ അഫ്രേം സെമിനാരിയിൽ **ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** സെന്റ്. ജോർജ് ക്നാനായ പള്ളി (മാഞ്ചസ്റ്റർ UK) വനിതാസമാജം പ്രതിനിധി ശ്രീമതി സ്മിതാ ഷെല്ലിയ്ക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. എക്സ്. ഒഫീഷ്യോ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, സെക്രട്ടറി ഡെബി സജി, ട്രസ്റ്റി എമി സ്കറിയ, കേന്ദ്രഭാരവാഹികൾ എന്നിവർ സമീപം.

# *CONGRATULATIONS!*



Advt - O

**Sradha Santhosh**, daughter of Santhosh Skaria (Chartered Accountant, Dubai) and Jomol Santhosh (Thyparampil, Kattayil), has qualified as a Chartered Accountant from the Institute of Chartered Accountants of India (ICAI).
She is a member of St Mary's Knanaya Church, Channanikadu, Kottayam.

# ക്നാനായ കോൺഗ്രസ്സിന്റെ സമാധാന സദസ്സ്



ക്നാനായ കോൺഗ്രസ്സിന്റെ സമാധാന സദസ്സ്
**ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു.
സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ,
ഫാ. ജേക്കബ് കല്ലുകുളം, ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്,
സാബു തോട്ടുങ്കൽ, റോയ് പുത്തൻപുരയ്ക്കൽ,
അനീഷ് തകിടിയിൽ, സജി താന്നിക്കൽ എന്നിവർ സമീപം


PROJECT BY
WAKE
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt - O


25
YEARS OF
TOGETHERNESS
08 | 11 | 2023
BINOY ABRAHAM
AND
JULIE BINOY
MAVELIL, CHINGAVANAM
LONDON-UK
ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി
BEST WISHES:
RIYA BINOY, HANNA BINOY, RACHEL BINOY
ABEL JOXY

Advt -R




## മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളി ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനയോഗം



മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടന്ന ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനയോഗം സമാപന സമ്മേളനം **സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു. സുവിശേഷ സമാജം ജോയിന്റ് സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ, ട്രസ്റ്റി സജി മുണ്ടക്കൽ, ജനറൽ സെക്രട്ടറി ജിജി എബ്രഹാം കറുകേലിൽ, വൈദിക ട്രസ്റ്റി ഫാ. എം. സി. സക്കറിയ മധുരംകോട്ട്, അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, ഫാ. തോമസ് പുതുവീട്, സുവിശേഷ സമാജം വൈസ് പ്രസിഡന്റ് ഫാ. ബെന്നി എബ്രഹാം മാമലശ്ശേരിൽ, ഇടവക വികാരി ഫാ. മനോജ് തോമസ് മുണ്ടിയത്ര എന്നിവർ സമീപം.

**പരസ്യചാർജ്ജുകളും, വരിസംഖ്യയും അടയ്ക്കുന്നതിന്**

**Knanayadeepam Bank Details**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

SCAN & PAY

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440

ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440



# യുവജനങ്ങളും സഭയും
# Plan or Perish!

സുനിൽ ഡി. കുരുവിള

"The youth is the hope of our future".

ഇന്ന് നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ കൂട്ടം യുവതയാണ്. എന്നാൽ പള്ളിയിൽ ചെന്നാൽ ഇവരെ കാണാൻ വളരെ പ്രയാസം. കാരണം ചോദിച്ചാൽ അവരെല്ലാം പഠിക്കാനും ജോലി ചെയ്യാനും ഒക്കെയായി അന്യസംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും ഒക്കെപോയി എന്ന് പറയും. യഥാർത്ഥത്തിൽ ഇവരെല്ലാം എവിടെയാണ്?

മാളിൽ പോയാൽ, സിനിമയ്ക്ക് പോയാൽ, പെരുന്നാളിനോ ഉത്സവത്തിനോ പോയാൽ, ഹോട്ടലിൽ പോയാൽ, റോഡിലിറങ്ങിയാൽ എല്ലാ ഇടത്തും യുവത തന്നെ മുന്നിൽ! പള്ളിയിൽ കാണാതെയാകുന്ന ഈ വിഭാഗത്തെ ആരെങ്കിലും സത്യസന്ധമായി അന്വേഷിക്കുന്നുണ്ടോ? മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ കൊച്ചു കേരളത്തിൽ യുവതയും കുട്ടികളും കുറയുകയാണ്. സീനിയർ സിറ്റിസൺസിന്റെ എണ്ണം കൂടുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ ചെറുപ്പക്കാരെ അർത്ഥവത്തായ പുരോഗതിയിലേയ്ക്കും പ്രത്യാശയിലേയ്ക്കും നയിക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്.

പല വീടുകളിലും കൗമാരക്കാരോട് എങ്ങനെ ഇടപെടണം എന്നുതന്നെ ഒരു എത്തും പിടിയുമില്ല. അവരുടെ വളർച്ച ആവശ്യങ്ങൾ തിരിച്ചറിയുന്നില്ല. കുട്ടികളെ പേടിച്ചു കഴിയുന്ന മാതാപിതാക്കളുടെ എണ്ണവും അനുദിനം കൂടി വരുന്നു.

ടെലിവിഷനും ഇന്റർനെറ്റും സോഷ്യൽ മീഡിയയും ഒക്കെ ഭവനങ്ങളുടെ ഉള്ളിലെ ബന്ധനങ്ങളുടെ ചാരുത നന്നേ നഷ്ടപ്പെടുത്തി. പണം കൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്താമെങ്കിലും ഗുണമേന്മ പരിരക്ഷിക്കാൻ അത് മാത്രം പോരല്ലോ. പരസ്പര ബന്ധവും കരുതലും, മനസ്സിലാക്കലും, സ്നേഹവും ഉത്തരവാദിത്വവും ഒക്കെ യുവതയ്ക്ക് കണ്ടുപഠിക്കാൻ ഇടമില്ല. ഒരുമിച്ചുള്ള ഭക്ഷണമോ പ്രാർത്ഥനയോ ഇല്ല... വിരുന്നുകാരില്ല ഒരുമിച്ചുള്ള യാത്രകളില്ല.

ഇന്നത്തെ യുവത പലപ്പോഴും പെട്ടെന്ന് ബോറടിക്കുന്നവരും നിരാശരാകുന്നവരും ആകുന്നതിനു ഒരു പ്രധാന കാരണം അവർക്കു കണക്ഷൻസ് കുറവാണ്. കുടുംബങ്ങളെ ശാക്തീകരിക്കുകയും അവരെ സമൃദ്ധിയായി ജീവിക്കാൻ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിലെ മൂല്യച്യുതിയും അദ്ധ്യാപകരുടെ കുറവുകളും യുവതയെ വളരെയേറെ ബാധിക്കുന്നുണ്ട്. യുവതയ്ക്ക് നല്ല ഗൈഡൻസും mentoring ഉം അനിവാര്യമാണ്, അവരിൽ നൈപുണ്യവും നല്ല മനോഭാവവും ചെറിയ പ്രായത്തിലെ വളർത്തേണ്ടതുണ്ട്. എന്നാൽ ഈ കാര്യങ്ങൾ പലതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല. മികച്ച അദ്ധ്യാപകർ പലരും ഇന്ന് ഒറ്റപ്പെട്ടും ഭയന്നും നിൽക്കുന്നു എന്നുള്ളതും കാണാതെ പോകരുത്. വിദ്യാഭ്യാസത്തിലെ 'കച്ചവട-രാഷ്ട്രീയ ഇടപെടലുകൾ അദ്ധ്യാപകന്റെ morale നെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സഭയ്ക്ക് ഇത്തരം 'empty' സ്പേസിലേയ്ക്ക് നീങ്ങാൻ കഴിയണം. ഇന്ന് quality യുള്ള യുവജനം രൂപപ്പെട്ടില്ലെങ്കിൽ നാളെ quality യുള്ളൊരു സഭയില്ല....ഓർക്കാം.

യുവതയുടെ ഇന്നത്തെ വലിയൊരു വിഷയം അവരുടെ friendship ആണ്. മദ്യവും മയക്കുമരുന്നും അസാന്മാർഗ്ഗിക യാത്രയും ഒക്കെ ഇന്ന് വാർത്തയല്ലാതാകുന്നു. ഈ കാര്യത്തിലെല്ലാം ലിംഗസമത്വവും നേടിക്കഴിഞ്ഞു. നല്ല friendship അവരുടെ ജീവിത വിജയത്തിന് ആവശ്യമാണ്. എന്നാൽ അത് നന്മയുള്ളതും മൂല്യമുള്ളതുമായില്ലെങ്കിൽ അപകടവുമാണ്. ഉയർന്ന വ്യക്തിത്വവും മൂല്യബോധവും അച്ചടക്കവും ചെറിയ പ്രായത്തിൽതന്നെ ഉറപ്പിച്ചാൽ കൊള്ളേണ്ടത് എന്ത് തള്ളേണ്ടത് ഏത് എന്നവർക്ക് വ്യക്തതയുണ്ടാകും.

കളിയും വിനോദവും കലയും സാംസ്ക്കാരിക പ്രവർത്തനങ്ങളും ഒക്കെ യുവതയുടെ ജീവിത വിജയത്തിന് അനിവാര്യമാണ്. ഇതിൽ ഫലപ്രദമായി പ്രവർത്തിക്കാൻ സഭയ്ക്ക് കഴിയും... കഴിയണം. പൊതു കളിസ്ഥലങ്ങളും മറ്റും നമ്മുടെ സമൂഹത്തിൽ കുറഞ്ഞത് യുവതയുടെ വികസനത്തെ പ്രതികൂലമായി ബാധിച്ചു. കളികൾ ആരോഗ്യത്തിനും വ്യക്തിത്വ വികസനത്തിനും സ്വഭാവ രൂപീകരണത്തിനും അച്ചടക്കത്തിനും നല്ല ബന്ധങ്ങൾ സൃഷ്ടിക്കാനും പ്രതിസന്ധികളെ നേരിടാനും ഒക്കെ യുവതയെ പ്രാപ്തമാക്കും. കളിച്ചു വളരുന്നവർ അതി ജീവിക്കും-ജീവിതത്തിൽ അവർ തോറ്റു പോകില്ല. പള്ളിക്കു ചുറ്റുമുള്ള ഇടങ്ങൾ യുവതയ്ക്ക് കളിക്കാനും ഒത്തുകൂടാനും ഒക്കെ നൽകിയാൽ അവർ 'ചന്തയിൽ' പെട്ട് പോകില്ല.

യുവതയുടെ മാനസിക ആരോഗ്യം, വൈകാരിക ബുദ്ധിശക്തി, സ്വഭാവം ഒക്കെ ശ്രദ്ധിക്കുകയും അവ പ്രോത്സാഹിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുകയും വേണം. കൗൺസിലിംഗ്, നല്ല മാർഗ്ഗനിർദ്ദേശ പരിപാടികൾ, പരിശീലന പരിപാടികൾ, പ്രമുഖ വ്യക്തിത്വങ്ങളുമായുള്ള interaction ഒക്കെ നിരന്തരമായി നൽകാൻ കഴിഞ്ഞാൽ അവരുടെ ജീവിതത്തിന്റെ ഗുണമേന്മ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. പ്രത്യേകിച്ച് ആൺകുട്ടികൾ പൊതുവെ അവരുടെ കഴിവുകൾ നന്നായി ഉപയോഗിക്കുന്നില്ല; അവരിൽ ലക്ഷ്യബോധവും ഫോക്കസും ഒക്കെ കുറയുന്നു. ഇത് നാളെ വലിയ സാമൂഹിക വിഷയങ്ങൾ സൃഷ്ടിക്കാം..... കരുതി പ്രവർത്തിക്കുക. അനേകം കുട്ടികൾ ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് തോൽക്കുന്നു. വാരിക്കോരി മാർക്കിട്ടു കൊടുത്തു സ്ക്കൂളുകളിൽ കുട്ടികളെ ജയിപ്പിച്ചുവിടുന്നതും, അമിതമായി ട്യൂഷൻ കൊടുത്തു പഠിപ്പിക്കുന്നതും ഒക്കെ വിപരീതഫലം ചെയ്യും. അഭിരുചിയും താൽപര്യവുമില്ലാത്ത രംഗത്ത് പഠിക്കാൻ പോകുന്നതാണ് മറ്റൊരു വിഷയം. മാതാപിതാക്കൾക്ക് നല്ല വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം നൽകുന്നത്

വലിയഗുണം ചെയ്യും. കുട്ടികൾക്ക് ചേരുന്ന മേഖല തിരഞ്ഞെടുക്കുക, നല്ല സ്ഥാപനത്തിൽ പഠിക്കുക, നന്നായി പഠിക്കുക ഒക്കെ വളരെ പ്രധാനം. മുതിർന്ന കുട്ടികൾക്ക് അവരുടെ രക്ഷിതാക്കളോടൊപ്പം മികച്ച കരിയർ ഗൈഡൻസ് നൽകുന്നത് അഭികാമ്യം! ഉന്നത പഠനം ഒക്കെ നേടിയ കുട്ടികൾക്കുപോലും നല്ലൊരു ജോലി കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. അത് കുട്ടികളെ നിരാശരും ആകുലതയുള്ളവരും ആക്കുന്നു. അത്തരം ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സഭയ്ക്ക് കഴിയണം. ആവശ്യമെങ്കിൽ അവർക്കു നല്ല personal career advice ലഭിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കണം. നല്ല കരിയർ കെട്ടിപ്പടുക്കാൻ യുവതയെ സഹായിക്കുക എന്നതാണ് സഭയുടെ happiness ഉം quotient ഉം hope quotient ഉം ഉയർത്താനുള്ള മാർഗ്ഗം.

വിവാഹവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് യുവത നേരിടുന്ന മറ്റൊരു വിഷയം. വിവാഹം കഴിക്കാനുള്ള താൽപര്യക്കുറവ്, എങ്ങനെയുള്ള പങ്കാളിയെയാണ് വേണ്ടത് എന്ന് ഉറപ്പില്ലായ്മ, ജീവിത നൈപുണ്യങ്ങളുടെ കുറവ്, ഭയം, അജ്ഞത ഒക്കെ ഇന്ന് വിഷയങ്ങളാണ്. അമിതമായ self centredness, സ്വാർത്ഥത, അത്യാഗ്രഹം ഒക്കെ ജീവിത താളം അട്ടിമറിക്കുന്നുണ്ട്. ചിലർ over ambitious ആണ്. കൗമാരപ്രായം മുതൽ തന്നെ ബന്ധങ്ങളെക്കുറിച്ചും ജീവിതം- വിവാഹം മുതലായ കാര്യങ്ങളെക്കുറിച്ചും ആരോഗ്യകരമായി മനസ്സിലാക്കാനും ചർച്ച ചെയ്യാനും വേദികൾ ഉണ്ടാകണം!

കുടുംബ കോടതികൾ നിറഞ്ഞു കവിയുകയാണ്. വ്യക്തിത്വ - സ്വഭാവ വൈകല്യങ്ങളാണ് വിവാഹ ജീവിതത്തിൽ താളപ്പിഴകൾ സൃഷ്ടിക്കുന്നത്. മാനസിക ആരോഗ്യ പ്രശ്നങ്ങളും കുറവല്ല. ഇന്ന് എത്രയും പെട്ടെന്ന് നാടുവിടുക എന്നുള്ളതാണ് യുവതയുടെ പുതിയ ട്രെൻഡ്. അവർ നല്ല സാധ്യതകളും അവസരങ്ങളും ഒക്കെ നേടിയെടുക്കട്ടെ.

എന്നാൽ ഇന്ന് പഠനം - ജോലി എന്നൊക്കെ പറഞ്ഞു വിദേശത്തു പോകുന്ന നല്ലൊരു ശതമാനം പറ്റിക്കപ്പെടുന്നു. അല്ലെങ്കിൽ നിരാശയാണ് അവർക്കു ഈ കാര്യത്തിൽ ഒക്കെ ശരിയായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതുണ്ട്. അവരിൽ ചിലരെങ്കിലും ഈ നാട്ടിൽ തന്നെ നല്ല കരിയർ കണ്ടെത്താൻ കഴിവുള്ളവരാണ്. ഭാവിയിൽ കേരളം ഒരു 'വൃദ്ധസദനം' ആകാതിരിക്കാനും സഭയ്ക്ക് ഒരു ദർശനം വേണ്ടേ?

ചെറുപ്പക്കാരിൽ വിശ്വാസം കുറയുന്നുണ്ടോ? അവർ ആരാധനാലയത്തിൽ വരാനും പ്രാർത്ഥിക്കാനും കൂട്ടായ്മ ആചരിക്കാനും താൽപ്പര്യം കാട്ടുന്നുണ്ടോ? അവരെ ചേർത്തു പിടിക്കാനും മനസ്സിലാക്കാനും നേടിയെടുക്കാനും പദ്ധതികൾ വേണം. കുറ്റപ്പെടുത്തലുകൾ അല്ല അവരെ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ആണ് കൂട്ടേണ്ടത്. ഇന്ന് സഭ അവരുടെ വിഷയങ്ങളെ കരുതിയാൽ നാളെ അവർ സഭയുടെ വിഷയങ്ങളിൽ ഉണ്ടാകും, തീർച്ച. ഈ മേൽപ്പറഞ്ഞ വിഷയങ്ങളൊക്കെ effective ആയി കൈകാര്യം ചെയ്യാൻ തക്ക വണ്ണം പൗരോഹിത്യ നേതൃത്വം നല്ലനിലയിൽ പരിശീലനം നേടേണ്ടതുണ്ട്. Internal ഉം external ഉം ആയ ഒരു resource pool സമഗ്രമായി രൂപപ്പെടുത്തേണ്ടതുണ്ട്. ബൈബിൾ കോളേജിലെ സിലബസ് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്.

"The more we sweat in peace,
the less we bleed in war".

ഒരു പക്ഷെ ഇതുതന്നെയാണ് ഇന്ന് സഭ ഏറ്റെടുക്കേണ്ട ഏറ്റവും വലിയ വെല്ലുവിളി. ഇത് ഓരോ പ്രാദേശിക പള്ളിയുടെയും 'ഉത്സാഹത്തിനു' വിട്ടുകൊടുത്താൽ ഇതെല്ലാം പരാജയപ്പെടും. ഫലപ്രദമായി ഇത് സാധ്യമാകണമെങ്കിൽ സഭയായി ഇതൊരു centralised പ്രൊജക്ട് ആയി ഏറ്റെടുക്കണം. ഒരു "യുവജന വികസന കേന്ദ്രം ആരംഭിക്കാം" പതിനാലു വയസ്സു മുതൽ 35 വയസ്സുവരെയുള്ള എല്ലാ യുവജനത്തിന്റെയും വിവരങ്ങൾ ശേഖരിക്കാം. അവരുമായി personal level-ൽ ആശയവിനിമയം ആരംഭിക്കാം. അവരുടെ ജന്മദിനം, പ്രധാന സന്ദർഭങ്ങൾ ഒക്കെ ആശംസിക്കാം...... അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അവരുടെ പഠനം, പരീക്ഷ, ജോലി ഒക്കെ follow up ചെയ്യാം. Right man for the right job! യുവതയുമായി ഏറ്റവും നന്നായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അറിയാവുന്നവരെ ഇതിന്റെ ചുമതല ഏല്പിക്കാം. ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.നടപ്പാക്കണം പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശകലനം ചെയ്യണം. നല്ലതു തുടരണം. മോശമായത് ഒഴിവാക്കണം. ആവശ്യങ്ങൾ അനുസരിച്ചു മാറ്റങ്ങൾ തുടരണം. അവസാനത്തെ യുവജനത്തെ വരെ കണ്ടെത്താനുള്ള പരിശ്രമം തുടരണം. നമുക്ക് നഷ്ടപ്പെടുത്താൻ മക്കളില്ല.. ആരേം കുറഞ്ഞുപോകാൻ- വീണുപോകാൻ അനുവദിക്കരുത്. നമ്മുടെ കുഞ്ഞുങ്ങളെ ആരും സമൂഹത്തിൽ തുച്ഛീകരിക്കാതിരിക്കട്ടെ. അവരിൽ ഏവർക്കും ദൈവത്തെ ദർശിക്കാൻ കഴിയണം.

*(Sunil D. Kuruvilla is a consultant Career counsellor and HR Trainer. He is the founder of INSIGHT MISSION. He can be contacted @*
*+91 9847400712.*
*Email: sunil_kuruvilla@rediffmail.com*
*Web: www.insightmission.in*
*YouTube: sunil kuruvilla)*

## ശുഭചിന്തകൾ

***നിങ്ങളിൽ നല്ലൊരു മനസ്സുണ്ടെങ്കിൽ ഒരുപാട് മനസ്സുകളിൽ നിങ്ങളുണ്ടാകും.***

***നല്ലവാക്കും പുഞ്ചിരിയുമാണ് മറ്റുള്ളവർക്ക് നല്കാവുന്നതിൽ ഏറ്റവും വിലയേറിയ സമ്മാനങ്ങൾ***

## AIR TICKETS

All domestic and international air tickets * Visa processing * Stamping * Attestation * Other tour packages at lowest rate.

Contact:

Mrs. Synu Mathew
Heleny Travels, Kurichy, Kottayam
**Mob: 9495170826**

# സൗന്ദര്യം ചാരത്തിൽ നിന്നും

**സീമ ഷിന്റോ കന്നിയേൽ, റാന്നി**

ചാരത്തിൽ നിന്നും സൗന്ദര്യമുണ്ടാകും എന്നു പറഞ്ഞാൽ വിശ്വസനീയമായ ഒരു കാര്യമാണോ? ചാരത്തിന്റെ അവസ്ഥ എന്താണെന്ന് നമുക്കേവർക്കും അറിയാം. കത്തിക്കരിഞ്ഞ് എല്ലാം നഷ്ടപ്പെട്ട ഒന്നിനും കൊള്ളാത്ത ഒരു അവസ്ഥ. നിറമോ ഗുണമോ ജീവിതത്തിന്റെ ഗന്ധമോ ഇല്ലാത്ത ചാരത്തിൽ നിന്നും സൗന്ദര്യമുണ്ടാകുമോ? ഇത്തരം Yes, He gives beauty for ashes and garment of praise for the spirit of heaviness. ചാരത്തിൽ നിന്നും സൗന്ദര്യമുണ്ടാവുക തന്നെ ചെയ്യും. ദൈവകൃപ ജീവിതത്തിലുണ്ടെങ്കിൽ നാം ഏതു തകർന്ന അവസ്ഥയിലൂടെ കടന്നുപോകേണ്ടി വന്നാലും ഭയപ്പെടേണ്ട കാര്യമില്ല. കാരണം സർവ്വശക്തനായ ദൈവം പ്രതീക്ഷയും, ജീവനും, പുനരുത്ഥാനവും നമുക്ക് വാഗ്ദാനം ചെയ്യുന്നു. God's promise of hope, healing and restoration.

നമ്മുടെ ജീവിതത്തിൽ ചാരത്തിനു സമമായ അവസ്ഥയിലൂടെ നാം കടന്നുപോകുമ്പോൾ, വേദനിക്കുമ്പോൾ, കരയുമ്പോൾ, പരാതിപ്പെടുമ്പോൾ ഇനി ഒരു ഉയർത്തെഴുന്നേൽപ്പില്ല എന്ന് നാം വിചാരിച്ചിട്ടില്ലേ? പക്ഷെ ആ അവസ്ഥകൾക്ക് ഭേദം വരുത്തി വീണ്ടും ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചം നിറയ്ക്കാൻ ദൈവകരങ്ങൾക്ക് കഴിയും. വിശ്വാസത്തോടെ മുന്നോട്ട് പോകുമ്പോൾ നമ്മുടെ പ്രതിസന്ധികളുടെ മദ്ധ്യത്തിൽ ദൈവകരം പ്രവർത്തിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. വി.ബൈബിളിൽ ചാരത്തിൽ നിന്നും സൗന്ദര്യമുണ്ടായ പലരേയും നമുക്ക് കാണുവാൻ കഴിയും. അതിലൊന്നാണ് ഇയ്യോബ്. സമ്പൽ സമൃദ്ധിയിലും സൗഭാഗ്യത്തിലും ജീവിച്ച അദ്ദേഹത്തെ അദ്ധ്യായത്തിന്റെ ആദ്യഭാഗങ്ങളിൽ നമുക്ക് കാണാം.

ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഒരുപാട് മൃഗസമ്പത്തും വളരെ ദാസജനവും ഉണ്ടായിരുന്ന ഈയ്യോബിന് ഓരോന്നായി നഷ്ടപ്പെടുന്നു. ആദ്യം മൃഗസമ്പത്തും, സ്വത്തും, നഷ്ടപ്പെടുന്നു. പിന്നീട് സ്വന്തം പുത്രന്മാരെ നഷ്ടപ്പെടുന്നു. എന്നാൽ ഇതിന്റെയൊക്കെ മധ്യത്തിൽ ദൈവനാമത്തിനെതിരായി ഒന്നും പറയാതെ അദ്ദേഹം ദൈവത്തെ സ്തുതിച്ചു. പിന്നീട് ചാരസമാനമായ ജീവിതമാണ് അദ്ദേഹത്തിനുണ്ടായത്. അദ്ദേഹത്തിന്റെ ഉള്ളം കാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കൾ ഉണ്ടായി. "ഈയ്യോബ് ഒരു ഓട്ടിൻ കഷണം എടുത്ത് തന്നത്താൻ ചുരണ്ടിക്കൊണ്ട് ചാരത്തിൽ ഇരുന്നു" അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് സഹിക്കാൻ കഴിയാതെ ഭാര്യ അദ്ദേഹത്തോട് പറഞ്ഞത് ഇപ്രകാരമാണ് "നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞ് മരിച്ചുകളക" അതിന് ഇയ്യോബ് പറഞ്ഞ മറുപടി "ദൈവത്തിന്റെ പക്കൽ നിന്നു നന്മ മാത്രമല്ല തിന്മയും കൈക്കൊള്ളാനുള്ള മനോബലം നമുക്കുണ്ടാവണം"

എത്ര അഗാധമായ വിശ്വാസമാണത്, സ്വന്തം ജീവിതം ചാരസമാനമായിരിക്കും. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം കാരണം അദ്ദേഹത്തിന്റെ ജീവിതത്തിൽ ചാരത്തിൽ നിന്നും സൗന്ദര്യമുണ്ടാകുന്നത് പിന്നീടുള്ള അദ്ധ്യായങ്ങളിൽ നമുക്ക് കാണാം. ദൈവത്തിന് സകലതും കഴിയും അവിടുത്തെ ഉദ്ദേശമൊന്നും അസാധ്യമല്ല എന്ന് ഇയ്യോബ് തന്റെ ജീവിതം കൊണ്ട് അടിവരയിട്ട് ഉറപ്പിക്കുന്നു. യഹോവ ഇയ്യോബിന്റെ പിൽക്കാലത്തെ മുൻകാലത്തേക്കാൾ അനുഗ്രഹിച്ചു. മുൻപുണ്ടായിരുന്നതിലും അധികം പുത്രസമ്പത്തിനേയും, ശ്രേഷ്ടമായ മൃഗസമ്പത്തിനേയും യഹോവ ഇയ്യോബിന് കൊടുത്തു. ഇയ്യോബിന്റെ പുത്രിമാരെപ്പോലെ സൗന്ദര്യമുള്ള സ്ത്രീകൾ ദേശത്തെങ്ങും ഉണ്ടായിരുന്നില്ല. പിന്നീട് ഇയ്യോബ് 140 സംവത്സരം ജീവിച്ചിരുന്നു. അദ്ദേഹം മക്കളേയും മക്കളുടെ മക്കളേയും നാലു തലമുറയോളം കണ്ടു. ഇയ്യോബിനെപ്പോലെ അചഞ്ചലമായ വിശ്വാസത്തിൽ നമുക്കും മുന്നോട്ട് പോകാം. ചാരത്തിൽ നിന്നും സൗന്ദര്യം ഉണ്ടാവുക തന്നെ ചെയ്യും. Yes his faithful love encloses forever.

## ക്നായിതോമ പ്രാർത്ഥന യോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ നവംബർ മാസത്തെ പ്രാർത്ഥനായോഗം 26-11-2023-ൽ ഞായർ വൈകുന്നേരം 6 മണിക്ക് പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരീഷ് ഹാളിൽവച്ച് നടത്തുന്നു. റവ.ഫാ. റജി പോൾ (തൂത്തൂട്ടി ധ്യാന കേന്ദ്രം) മുഖ്യ സന്ദേശം നൽകുന്നതാണ്. ക്നായിതോമ പ്രയർ ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് റവ.ഫാ. സി.സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുന്നതാണ്.


## സ്ഥലം വില്പനയ്ക്ക്

ചിങ്ങവനം കുറിച്ചി ഹോമിയോ കോളേജിനു സമീപം 20 സെന്റ് സ്ഥലം വില്പനയ്ക്ക്. (വസ്തു ഭാഗിച്ചും കൊടുക്കുന്നതാണ്).

**Ph. 9496363927**

## സ്ഥലം വില്പനയ്ക്ക്

ചിങ്ങവനം M.C. Road, Fine Bakery സമീപം 40 സെന്റ് മൊത്തമായും, Plots ആയും വില്ക്കപ്പെടും.

**Ph. 09633103033**

# വാർത്തകൾ

**ക്നാനായ അസ്സോസിയേഷൻ യോഗം**

ചിങ്ങവനം: ആഗോള ക്നാനായ ദൈവാലയങ്ങളിൽനിന്നും ക്നാനായ ഭരണഘടന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പള്ളി പ്രതിപുരുഷന്മാരുടെ യോഗം ചിങ്ങവനം മോർ അപ്രേം സെമിനാരിയിലെ ക്നായിതൊമ്മൻ ഹാളിൽ 2023 ഒക്ടോബർ 24, 25 തീയതികളിൽ കൂടി. 24 ന് രാവിലെ 10 മണിക്ക് ദയറാ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ക്ലീമ്മീസ് വലിയ മെത്രാപ്പോലീത്തായുടെ കബറിങ്കൽ ധൂപ പ്രാർത്ഥനയ്ക്കുശേഷം സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിനെ വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി ക്നാനായ കമ്മിറ്റി ഉൾപ്പെടെയുള്ള അസോസിയേഷൻ അംഗങ്ങൾ കത്തിച്ച മെഴുകുതിരിയുമായി സ്വീകരിച്ച് ക്നായിതൊമ്മൻ ഹാളിൽ പ്രവേശിച്ച് സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനയ്ക്ക് ശേഷം സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രതിനിധി സമ്മേളനത്തിൽ മെത്രാപ്പോലീത്തയുടെ നയപ്രഖ്യാപന പ്രസംഗത്തിനുശേഷം 2023-2028 ലേക്കുള്ള ക്നാനായ സമുദായ ഭാരവാഹികളെയും ക്നാനായ കമ്മിറ്റിയെയും, സമുദായത്തിലെ വിവിധ സ്ഥാപനങ്ങളിലേക്കുള്ള ഭാരവാഹികളെയും, മറ്റും തെരഞ്ഞെടുത്തു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നും ഉള്ള പള്ളി പ്രതിപുരുഷന്മാർ യോഗത്തിൽ സംബന്ധിച്ചു.

സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ**

# പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കണം, മോർ സേവേറിയോസ്

ഇസ്രായേൽ- പാലസ്തീൻ പ്രശ്നപരിഹാരത്തിനായി ലോകരാജ്യങ്ങൾ അടിയന്തിരമായി ഇടപെടണമെന്ന് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്. ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ നടത്തിയ സമാധാന സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മെത്രാപ്പോലീത്ത. കേന്ദ്ര പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്, സാബു തോട്ടുങ്കൽ, റോയ് പുത്തൻപുരയ്ക്കൽ, അനീഷ് റ്റി.സി. തകിടിയിൽ, സജി താന്നിക്കൽ, കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, ജോബി കാരിക്കോട്ട്, രാജു മരങ്ങാട്ട്, ജൂബി കൊല്ലംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

# കശ്ശീശാ പട്ടം സ്വീകരിച്ചു



കോട്ടയം വലിയപള്ളി ഇടവകയിൽ കളത്തിൽപറമ്പിൽ ജേക്കബ് ഏബ്രഹാമിന്റെയും ബേബിക്കുട്ടി ജേക്കബിന്റെയും മകൻ **ഡീക്കൻ ഡിബിൻ ജേക്കബ്** 10-10-2023 ചൊവ്വാഴ്ച കോട്ടയം വലിയപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ കശ്ശീശാ പട്ടം സ്വീകരിച്ചു. 15-10-2023 ഞായറാഴ്ച കോട്ടയം വലിയപള്ളിയിൽ പുത്തൻ കുർബ്ബാന അർപ്പിച്ചു. ഈ ഇടവകയിൽപ്പെട്ട പുന്നപറമ്പിൽ ബാബുവിന്റെയും ജോളി ബാബുവിന്റെയും മകൾ മിന്നുവാണ് സഹധർമ്മിണി.

# വിദ്യാഭ്യാസ മേഖലയിൽ ക്നാനായ സമുദായം ചെയ്യുന്ന സംഭാവനകൾ വലുതാണ് സിറിയക് തോമസ്

ഓതറ നസ്രത്ത് കോളേജ് ഓഫ് ഫാർമസിയുടെ ഗ്രാജുവേഷൻ സെറിമണി എം.ജി സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോക്ടർ സിറിയക് തോമസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു.

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്, കോളേജ് പ്രിൻസിപ്പാൾ ശ്രീമതി എൽസി ഏബ്രഹാം, സെക്രട്ടറി സാജൻ ഏബ്രഹാം, പി.എ. ഏബ്രഹാം കുഴികണ്ടത്തിൽ, ബിനു കുരുവിള കല്ലേമണ്ണിൽ എന്നിവർ പ്രസംഗിച്ചു.

# സുവിശേഷം വാക്കുകളല്ല പ്രവൃത്തിയാണ്

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

ഒരിക്കൽ ഒരു വ്യാപാരി കടയും പൂട്ടി വഴിയിൽ കൂടി നടന്നുപോയപ്പോൾ ഒരു കള്ളൻ ആ മനുഷ്യനെ തള്ളി മറിച്ചിട്ടിട്ട് അയാളുടെ പണസഞ്ചിയുമായി ഓടി. ഓടിയ കൂട്ടത്തിൽ അയാളുടെ കയ്യിലിരുന്ന പേഴ്സും ഫോട്ടോയും നിലത്തുവീണു. വ്യാപാരി ഒരു മടിയും കൂടാതെ ആ ഫോട്ടോയും പേഴ്സും അയാളെ കണ്ടുപിടിച്ചു തിരിച്ചു കൊടുത്തു. വ്യാപാരിയോടു കള്ളൻ ചോദിച്ചു എന്തിനാണ് നിങ്ങൾ പോലീസിൽ പരാതി കൊടുക്കാതെ എന്റെ കയ്യിൽ തന്നെ തിരിച്ചു തന്നത്. വ്യാപാരി പറഞ്ഞു പ്രതികാരമല്ല ഞാനാഗ്രഹിക്കുന്നത് നിങ്ങളെ എന്റെ ഒരു സഹോദരനായി കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കള്ളൻ വ്യാപാരിയുടെ കാലുപിടിച്ചു കരഞ്ഞു. ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെകൊണ്ട് ആവശ്യമില്ല. യാഗത്തിലല്ല കരുണയിലാണ് ഞാൻ പ്രസാദിക്കുന്നത് എന്നുള്ളത് എന്ത് എന്നു പോയി പഠിപ്പീൻ (മത്ത. 9:12) ഞാനോ നിങ്ങളോടു പറയുന്നത് ദുഷ്ടനോടു എതിർക്കരുത്. നിന്നെവലത്തേ ചെകിടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്ക (മത്താ. 5:39). ക്നാനായക്കാരായ നമുക്ക് എന്ത് ഭംഗിയാണ്, എന്ത് തലയെടുപ്പാണ്, അഭിമാനമാണ്. പോക്കും വരവും എല്ലാം ഭംഗിതന്നെ. പക്ഷേ തലപ്പത്തിരിക്കുന്നവർ മുതൽ താഴെക്കിടയിലുള്ളവർ വരെ ഒട്ടും തോറ്റു കൊടുക്കാൻ തയ്യാറില്ല. അതിന്റെ ഉദാഹരണമാണല്ലോ അസ്സോസിയേഷൻ തിരഞ്ഞെടുപ്പുതന്നെ. പ്രതികരണരീതിയാണ് പരിഹാരത്തിന്റെ ആദ്യപടി. പ്രതികരണം രണ്ടുവിധത്തിലാകാം. ആദ്യ അടിയല്ല തിരിച്ചടിയാണ് കലഹം കലാപമായി മാറുന്നത്. എന്തിനേയും ശാന്തമാക്കുവാനുള്ള എളുപ്പവഴിയാണ് നിശ്ശബ്ദത. സുഖകരമായ പെരുമാറ്റങ്ങളോടെ സന്തോഷകരമായി പ്രതികരിക്കാൻ ആർക്കും കഴിയും. കർത്താവ് പഠിപ്പിച്ചത് ശത്രുക്കളെ സ്നേഹിക്കാനാണ്. "നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെതന്നെ ചെയ്യുന്നില്ലയോ. സഹോദരന്മാരെമാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു. ജാതികളും അങ്ങനെ തന്നെ ചെയ്യുന്നില്ലയോ. മത്ത. 5:46)." ആരാധനാലയത്തിൽ പോലീസുകാരെ കാവൽ നിർത്തുന്നത് എന്തുകൊണ്ടാണ്. എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും വേണ്ടപ്പെട്ടവരുമാണ്. മേൽക്കോയ്മയ്ക്കു മാത്രമല്ലേ ഈ മത്സരം. അടുത്ത തലമുറയ്ക്ക് ഈ സമുദായം വഴികാട്ടികളോ അതോ വഴിമുടക്കികളോ. അടുത്ത തലമുറ നമ്മെ കണ്ട് എന്തു പഠിയ്ക്കും. ഉയർന്ന വിദ്യാഭ്യാസം നേടിയതുകൊണ്ടോ വലിയ ജോലിക്കാരൻ ആയതുകൊണ്ടോ സ്വത്ത് നേടിയെടുത്തതുകൊണ്ടോ വലിയ വീട് പണിതതുകൊണ്ടോ ഒരു കുടുംബം സന്തോഷിക്കണമെന്നില്ല. മാതാപിതാക്കൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് നമ്മുടെ മക്കളെക്കൊണ്ടു മറ്റുള്ളവർ നല്ലതു പറയുന്നതു കേൾക്കുമ്പോഴാണ്. എല്ലാ സുഖസൗകര്യങ്ങളുമുണ്ട്; മക്കൾ താന്തോന്നികളാണ് എന്നു കേട്ടാൽ സുഖ സൗകര്യങ്ങളൊക്കെ വെറും പൂജ്യംമാത്രമാണ്. ഇന്നത്തെ തലമുറയ്ക്ക് പണമല്ല ശേഖരിച്ചുവയ്ക്കേണ്ടത്, നമ്മുടെ ജീവിത മാതൃകയാണ് അവരുടെ ഏറ്റവും വലിയ മുതൽ. മറ്റെല്ലാം നശിച്ചു പോകുന്നതാണ്. ആരാധനാലയങ്ങൾ ആണെങ്കിൽ പോലും വരുമാനം കൂടുമ്പോൾ പിന്നെ അവിടെ അടിപിടിയാണ്. ഒന്നുംവേണ്ട അസ്സോസിയേഷൻ തിരഞ്ഞെടുപ്പൊക്കെ നടത്തിയപ്പം പ്രാർത്ഥിച്ചിട്ടാണല്ലോ തുടങ്ങിയത്. സത്യത്തിൽ ദൈവത്തിനവിടെ ഒരു ശിപ്പായിയുടെ സ്ഥാനമെങ്കിലും കൊടുത്തിട്ടുണ്ടോ. നമ്മൾ വലിയ ഒരു വീടു പണിതിട്ടു വേറെ മാറ്റത്തിന് നമ്മുടെ അപ്പനെ വിളിച്ചു വന്നു കഴിഞ്ഞ് അപ്പന് ഒരു സ്ഥാനവും കൊടുക്കാതിരുന്നാൽ എന്തു വിഷമമായിരിക്കും. അതുപോലെ തന്നെയാണ് എല്ലാത്തിനും അപ്പനെ വിളിച്ച് മുമ്പിൽ ഇരുത്തും വെറും ഒരു ചടങ്ങുമാത്രം. ഇന്നു നമ്മുടെ സമുദായം വളർന്നു വരുന്ന കുഞ്ഞുങ്ങളെ ദൈവഭയമില്ലാതെ ആക്കിക്കൊണ്ടിരിക്കുകയാണ്, അന്യോന്യം കലഹിച്ചു കൊള്ളാൻ ഉള്ള അവസരം ഉണ്ടാക്കി കൊടുക്കുകയാണ്. വി. കുർബ്ബാനയിൽ ചൊല്ലും 'നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹമൂലം ഓരോരുത്തനും അവനവന്റെ അടുത്തവന് തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം'. ഇതു വായ് കൊണ്ടുള്ള പറച്ചിലല്ലാതെ നമ്മുടെ പ്രവൃത്തിയിലുണ്ടോ. "കപട ഭക്തിക്കാരെ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കറിയാം എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തത് എങ്ങനെ? ന്യായമായത് എന്തെന്ന് നിങ്ങൾ സ്വയമായി വിധിക്കാത്തതും എന്ത്" (മത്താ. 12:56). ഉറങ്ങാൻ കിടന്നാൽ നാളെ എണീക്കുമെന്ന് യാതൊരു ഉറപ്പും ഇല്ലാത്ത കാലം. നാളെ ആവട്ടെ എന്നു പറയുവാൻ നമുക്ക് ഒരു അധികാരവും ഇല്ല. ജീവന്റെ ദായകൻ ദേഹിയെ ചോദിച്ചാൽ ഇല്ലാന്നു പറയുവാൻ ആർക്കെങ്കിലും കഴിയുമോ. ഓരോ കാലയളവിലും ഓരോന്നിനും ഓരോ trent ആണെന്നു നമ്മളു പറയും. ഇപ്പം ഫാഷൻ ഇതാണ്. ഇപ്പം എല്ലാവരും ഇങ്ങനെയാണ്, ഇപ്പം ഈ Colours ആണ് ഫാഷൻ അല്ലെങ്കിൽ ഇതിനോടാണ് trend എന്നു പറഞ്ഞതുപോലെ ദൈവത്തിന്റെ friend ഉം ചെറുപ്പക്കാരാണ്. പ്രായമുള്ളവർക്ക് chance കുറവാണ് കാരണം പ്രായമുള്ളവർ ചെറുപ്പക്കാരെക്കാളും ശരീരം സൂക്ഷിക്കുന്നവരാണ്. എന്താണെങ്കിലും ചെറുപ്പക്കാരാണ് വേദി ഒഴിഞ്ഞു കൊടുത്തുകൊണ്ടിരിക്കുന്നത്. എല്ലാം കണ്ടിട്ടും മനുഷ്യന് ഒരു മാറ്റവുമില്ല. പട്ടക്കാരായാലും തിരുമേനിമാരായാലും ജനങ്ങളായാലും കർത്താവിന്റെ സ്നേഹംമൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ ഓരോരുത്തരും അവനവന്റെ അടുത്തവന് തമ്മിൽതമ്മിൽ സമാധാനം കൊടുക്കുവീൻ. വരുന്ന തലമുറയ്ക്ക് വഴി കാണിച്ചു കൊടുക്കുവീൻ. വരുന്ന തലമുറക്കു വഴി മുടക്കിക്കളയാതെ വഴി കാണിച്ചു കൊടുക്കുന്നവരാക്കുവീൻ.




## പ്രകാശനം 23.10.2023



പ്രഥമകോപ്പി
ബഹു. സാംസ്കാരിക മന്ത്രിക്ക്
നൽകികൊണ്ട് ആദരണീയനായ
ഗോവ ഗവർണർ
പി. എസ്സ്. ശ്രീധരൻപിള്ള
അവറുകൾ നിർവ്വഹിക്കുന്നു.


ജീവിതം ഒരു നേർക്കാഴ്ച പ്രകാശനം ചെയ്തു

കല്ലിശ്ശേരിപള്ളിയുടെ
പ്രസിദ്ധീകരിച്ച ചരിത്ര
പുസ്തകവും, ദിവ്യാനുഭൂതികളും,
അത്ഭുതസിദ്ധികളും
കേട്ടറിവുകളും അനുബന്ധമായി
394 മുതൽ 438 പേജുകളിൽ
ചേർത്തിട്ടുണ്ട്.

പുസ്തകത്തിന്റെ ലഭ്യത ഞങ്ങളുടെ
സഹകാരി ശ്രീ സോമൻ
ആവശ്യാനുസരണം കൈകളിൽ
എത്തിക്കുന്നതും പണം
കൈപ്പറ്റുന്നതുമായിരിക്കും.

**Mob : 97442 077 59**
**85474 17886**

# Navigating Success: Important Role of Career Guidance in Shaping Futures

Anu J. Thomas

When it comes to career after School or College the most common confusion a student has in their mind is:

1. What do I want to do in the future?
2. What am I good at?
3. What are my interests and abilities?
4. What is important to me?

It is normal for young students, especially in the age group of 13 to 18 years to not have the amount of self awareness that they should have ideally. In which case, it is natural for them to stay confused about what they like and what they are good at. This confusion is also very apparent as they have not tried too many things out. In school, you only have scope to try out what you are being taught there, like science, maths, languages etc. Students also have scope to try few sports which the school or college offers and may also have the chance to try some co-curricular activities in performing arts like singing dancing or acting.

Choosing a career is an important decision that begins with answering all the above questions or confusions. Self-reflection, that is, knowing yourself and finding out what is important for you, becomes the core solution for all your issues. To answer all your questions you should and you need to perform a self assessment. This self assessment requires you to think about what matters most to you in areas like the type of work you will be doing, who you want to work with and will you enjoy the work which you take up. To do a self assessment is worth the effort as it helps you choose a career which is a good fit for you and in which you feel happy and satisfied.

Remember how our parents used to say, 'just complete your 10th and a major burden will be over' or 'just finish graduation and you will be ready for the job market.' But is it true in today's fast paced world? Today, technology is getting created, adapted and accelerated faster than before. The shelf life of knowledge, skill set and expertise is getting shorter and shorter. Hence it is high time we need to break and change the traditional style and adopt a much broader methodology wherein, we develop the 21st century skills to ensure success and happiness in what we do.

What are these 21st century skill sets which can assure you success in the job market:

1. Literary skills - Information Technology, Media Skills and Technical Skills.

2. Life Skills – Flexibility or Adaptability, Leadership, Initiative, Productivity and Close Culture Evaluation

3. Learning Skills -Communication, Creativity, Collaboration and Critical Thinking & Problem-Solving Abilities.

The first smart phones were launched in 1993. Can people, who were students in the early and mid- 90s, ever imagine job opportunities as an App developer or a Social Media Manager, while they were in school or college? Some of the jobs which were created in the last decades include Cloud Computing Specialists, User Experience Designer, Digital Marketing Specialists, Social Media Manager, App Developers, and Sustainability Manager Etc. Are we keeping ourselves ready for the new job opportunities which may come up in the future? Careers as Space Pilots, Space Architects and Space Tour Guides will come up once we conquer planets in the future. Imagine if we have flying cars then a highway air traffic controller might be a go to job. A Wellness consultant for the elderly, e-sports coach etc are all future jobs which we can now imagine to be a reality. Are our schools making us ready for this kind of a dynamic and ever-changing world of new and attractive career paths? How do we know about this ever emerging job market? How can we find the perfect path for us?

Here is where career guidance comes in. Apart from the school education, which every parent feels is necessary; career guidance is the second most compulsory thing which a child must go throughalong with their schooling, to apply the knowledge which they gain from their education into their career. Undergoing psychometric assessment and career guidance can make sure that your child can be ready to face the challenges, keep up with the trends, become successful and happy in what they do in their career.

A proper career guidance session ensures that your child makes the right career choices for themself. Today career guidance and psychometric assessments are not a luxury but a necessity!

For any queries/comments Pls contact –

**Anu J.Thomas @ 8113863389/ 7736965710.**

**Visit our Google page - Brain Checker@Kottayam.**




സനിറ്റ് സാബു, പുത്തൻപുരയ്ക്കൽ

## 1. സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ (വി. ലൂക്കോ.1:5–25) 19–11–2023

സന്മാർഗികരും, നീതിയുള്ളവരും, പൗരോഹിത്യ ഗണത്തിൽ പെട്ടവരും വൃദ്ധ ദമ്പതികളുമായ സ്കറിയാ എലിസബേത്ത് ദമ്പതികൾക്ക് സന്താന സൗഭാഗ്യം ലഭിക്കുമെന്ന് മാലാഖ അറിയിച്ച സുദിനം. തന്റെ ദുഃഖാവസ്ഥയെ ദൈവസന്നിധിയിൽ നിരന്തരമായി സമർപ്പിച്ചു പ്രാർത്ഥിക്കുന്ന സ്കറിയക്കു ഉത്തരം ലഭിച്ച ദിവസം. എന്നാൽ പ്രാർത്ഥന ഫലത്തെ പൂർണ്ണമായി സ്വീകരിക്കുവാൻ തയ്യാറാകാതെ അവിശ്വസിച്ചു മടിച്ചു നിൽക്കുന്ന പുരോഹിതൻ.

**1. അപമാനത്തെ അഭിമാനമാക്കുന്ന ദൈവകൃപ**

ആവശ്യമുള്ളവർക്ക് ആവശ്യത്തിനനുസരിച്ച് ആവശ്യസമയത്ത് ദൈവം നൽകുന്ന വരദാനമാണ് ദൈവകൃപ. ദൈവീക പദ്ധതി അനുസരിച്ച് അത് നിവർത്തിക്കപ്പെടും. ആദിമകാലം മുതലേ ഇസ്രായേല്യർ വിശ്വസിച്ചു പോന്നിരുന്ന കാര്യമാണ് മക്കളില്ലാത്തവരുടെ ആത്മാവ് സ്വർഗ്ഗത്തിൽ പോകുകയില്ല എന്ന്. പ്രാർത്ഥനയ്ക്കു ചിലപ്പോൾ ഉടനടി മറുപടി ലഭിക്കും ചിലപ്പോൾ കുറച്ചു താമസിച്ചു ഉത്തരം ലഭിക്കും. ഏലിയാ പ്രവാചകൻ ബലി വസ്തുവച്ചു പ്രാർത്ഥിച്ചപ്പോൾ ഉടൻ മറുപടി ലഭിച്ചു. അബ്രഹാമിനും സാറയ്ക്കും മകനെലഭിച്ചത് വളരെ നാളുകൾക്കു ശേഷമാണ്. എന്നിരുന്നാൽ തന്നെയും അവർ നിരാശരാകാതെ, മടുത്തു പോകാതെ പ്രാർത്ഥിച്ചിരുന്നു. ഇസ്രായേല്യർ വിശ്വസിച്ചു പോന്നിരുന്ന അവർ അപമാനം എന്ന് കരുതിയിരുന്നതിനെ വാർദ്ധക്യത്തിൽ നിവർത്തിച്ചു കൊടുത്തവനാണ് ദൈവം. ദൈവത്തിൽ ആശ്രയിച്ച് ഏതൊരു കാര്യവും നമുക്കത് ആവശ്യമുള്ളത് ആണെങ്കിൽ ദൈവം അത് നിറവേറ്റിത്തരും. ഞാൻ പ്രാർത്ഥിച്ചാൽ ദൈവം നടത്തിത്തരണം എന്ന് വാശി പിടിക്കാതെ, അത് എനിക്ക് ആവശ്യമെങ്കിൽ ദൈവം നടത്തിത്തരുമെന്ന് പറയുവാൻ സാധിക്കണം. അപമാനത്തെ അഭിമാനമാക്കുവാൻ ദൈവത്തിന് കഴിഞ്ഞെങ്കിൽ എന്നെ അപമാനിതനാക്കുവാൻ ദൈവം ഇടയാക്കുകയില്ല എന്ന ബോധ്യത്തിൽ ജീവിക്കുവാൻ സാധിക്കണം.

**2) അവിശ്വാസത്തിന്റെ നിഴൽ**

സ്കറിയ ജീവിക്കുന്നത് തന്നെ ബലിപീഠത്തോട് ചേർന്നു നിന്നുകൊണ്ടായിരുന്നു. പ്രശ്നപരിഹാരത്തിന്റെയും ദൈവീക ദാനങ്ങളുടെയും ദൈവദർശനത്തിന്റെയും വേദിയായി അദ്ദേഹം ബലിപീഠത്തെ കണ്ടു. ദൂതൻ വന്നു പറയുന്ന സന്തോഷ വാർത്ത യെ സ്കറിയ പൂർണ്ണമായി വിശ്വസിച്ചില്ല. ദൈവദൂതന്റെ വാക്ക് വിശ്വസിക്കാത്തതുകൊണ്ട് സ്കറിയായ്ക്കു ഒരു പുത്രൻ പിറക്കുന്നതുവരെ സംസാരിക്കുവാൻ സാധിച്ചില്ല. തന്റെ ഒരു നിമിഷത്തെ വിശ്വാസമില്ലായ്മകൊണ്ട് തൽക്ഷണം തന്നെ ഊമയായി തീർന്നുപോയി സ്കറിയ പുരോഹിതൻ. ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിച്ചവൻ അത് ലഭിച്ചപ്പോൾ അത് സ്വീകരിക്കുവാൻ അവിശ്വസിച്ചു നിന്നപ്പോൾ സംസാരിക്കുവാൻ പറ്റാതെയായി. ദൈവത്തിന്റെ രക്ഷാകരമായ വെളിപ്പെടുത്തലുകൾ ഉൾക്കൊള്ളാതെ പുറംതിരിഞ്ഞു നിൽക്കുന്നവരുണ്ട്. ദൈവീക ഇടപെടലിന് മാത്രമേ നമ്മുടെ കുറവുകളെ നീക്കി ആ കുറവിന് പരിഹാരം കണ്ടെത്തുവാൻ സാധിക്കുകയുള്ളു. വിശ്വാസമില്ലാതെ പ്രാർത്ഥന എന്ന പേരിൽ എത്ര നിവർത്തിച്ചാലും അത് ഫലപ്രാപ്തി നേടാതെ നിൽക്കും. നമുക്ക് നേരിടുന്ന പ്രതിസന്ധികൾ നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുന്ന മുഖാന്തരങ്ങൾ ആയി തീരണം. കെട്ടുറപ്പുള്ള ഒരു അടിത്തറയാണ് വീടിന്റെ ബലം. വിശ്വാസമാകുന്ന അടിത്തറയിൽ ജീവിച്ച് ബലം ഉള്ളവരായി തീരുവാൻ സാധിക്കണം.

## 2. വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ. (വി. ലൂക്കോ. 1:26–38) 26–11–2023

പരിശുദ്ധിയുടെ നിറകുടം എന്ന് വിശേഷിപ്പിക്കുന്ന വിശുദ്ധ കന്യകമറിയാമിന്റെ നസ്രേത്തിലെ വാസസ്ഥലത്തേക്ക് ദൈവദൂതനായ ഗബ്രിയേൽ കടന്നുചെന്ന് സദ്വാർത്ത അറിയിക്കുന്നു. ദാവീദ് വംശജനായ യൗസേപ്പിന് മറിയാം വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന സമയത്താണ് ദൈവപുത്രൻ മറിയാമിൽ നിന്ന് ഉരുവാകും എന്ന അരുളപ്പാട് ഉണ്ടാകുന്നത്.

**1) സമർപ്പണം ഉള്ളവരാകണം**

ദൈവഇഷ്ടം നിറവേറുവാൻ പൂർണ്ണമായി ഏൽപ്പിച്ചു കൊടുക്കുന്നതാണ് സമർപ്പണം. അപ്രകാരം ഒരു വിധേയത്വം ആണ് വിശുദ്ധ കന്യകമറിയാമിൽ ദർശിക്കുവാൻ കഴിയുന്നത്. അനേകം ഉന്നതകുലജാതരായ കന്യകമാർ മ്ശിഹായുടെ വരവിൽ പങ്കുകൊള്ളുവാൻ ആഗ്രഹിച്ചപ്പോൾ അത് നിറവേറിയത് ദരിദ്രപശ്ചാത്തലത്തിൽ ജീവിച്ച വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന നസ്രേത്തിലെ വിശുദ്ധ കന്യകമറിയാമാണ്. ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ച ഒരു ജീവിതമായിരുന്നു മറിയാമിന്റേത്. അതുകൊണ്ടുതന്നെ മറിയാമിനെ തേടി സന്തോഷവാർത്ത എത്തുകയും ചെയ്തു. മറിയാമിന്റെ സമർപ്പണം മൂലം ലോകരക്ഷകനായ ക്രിസ്തു തന്നിലൂടെ ഈ ലോകത്തേക്ക് കടന്നു വന്നു. മറിയാം ജീവിച്ചതായ പട്ടണം പ്രസിദ്ധമാകുന്നത് ക്രിസ്തുവിന്റെ ജനനത്തോടുകൂടിയാണ്. പഴയ നിയമത്തിൽ എവിടെയും നസ്രേത്ത് എന്ന ഒരുവാക്കുപോലുമില്ല. നാമും നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനോട് സമർപ്പണം ഉള്ളവർ ആയിരിക്കണം. മറിയാമിന്റെ സമർപ്പണം നസ്രേത്ത് പട്ടണത്തിന്റെ പുരോഗതിക്ക് കാരണമായെങ്കിൽ നമ്മുടെ സമർപ്പണം നമ്മുടെ കുടുംബത്തിന്റെ അനുഗ്രഹത്തിന് കാരണമായിത്തീരും. നാമും മറിയാമിനെപ്പോലെ ദൈവത്തിൽ സമർപ്പണമുള്ളവരായി ജീവിക്കുന്നവരാകണം.

**2) ദൈവവചനത്തെ സ്വീകരിക്കുവാൻ മനസ്സുള്ളവരാകണം**

വിശുദ്ധ കന്യക്കമറിയാമിനെ രണ്ടാം ഹവ്വാ എന്നും വിശേ

ഷിപ്പിക്കാറുണ്ട്. ഒന്നാം സ്ത്രീയായ ഹവ്വാ സർപ്പം സംസാരിച്ച വാക്കുകൾ ഉൾക്കൊണ്ട് ദുർമോഹത്തിൽ വീണുപോയി ദൈവത്തിൽനിന്ന് ദൈവവചനത്തിൽ നിന്ന് അകന്നുപോകുകയാണ് ചെയ്തത്. എന്നാൽ വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന സന്തോഷവേളയിലാണ് ദൈവദൂതൻ മറിയാമിന്റെ അടുക്കലേക്ക് ദൂതുമായി എത്തുന്നത്. ഇവിടെ മറിയാം ചെറുതായി പരിഭ്രമിക്കുന്നുണ്ട് എന്നിരുന്നാൽ തന്നെയും "നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്ന് പറഞ്ഞു വിധേയത്വത്തിലൂടെ മറിയാം ദൈവവചനത്തെ സന്തോഷത്തോടെ സ്വീകരിച്ച് ഉൾക്കൊള്ളുന്നു.

ഒന്നാം ഹൗവ്വ പാപത്തിൽ അകപ്പെട്ട് ദൈവത്തിൽ നിന്ന് അകന്ന് പറുദീസായിൽ നിന്ന് പുറത്താകുമ്പോൾ മറിയാമിന്റെ അടുക്കൽ ദൈവദൂതൻ സന്തോഷവാർത്തയുമായി എത്തുമ്പോൾ ആ ദൈവവചനത്തിൽ വിശ്വസിച്ച് ശ്രേഷ്ഠത നേടുന്നു. ആദിമ മാതാപിതാക്കൾ തുടങ്ങി ഇന്ന് മനുഷ്യരിൽ ഭൂരിഭാഗം പേരും പരാജയപ്പെട്ടു കൊണ്ടിരിക്കുന്നിടത്താണ് ബാലികയായ മറിയം വിജയം കൈവരിച്ചത്. ദൈവവചനത്തെ സന്തോഷത്തോടെയും ഭയം കൂടാതെയും സ്വീകരിക്കുവാനുള്ള മനസ്സുണ്ടായപ്പോഴാണ് സകല നന്മകളും മറിയാമിന്റെ ജീവിതത്തിലുണ്ടായത്. ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചു ദൈവവചനത്തെ തെല്ലും ഭയം കൂടാതെ സന്തോഷത്തോടെ സ്വീകരിക്കുവാൻ മനസ്സുള്ളവരാകണം.

## 3) ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്ര (വി. ലൂക്കോ. 1:39-56) 3-12-2023

പതിമൂന്ന് വയസ്സ് മാത്രം പ്രായമുള്ള വിശുദ്ധ കന്യകമറിയാം തന്റെ ചാർച്ചക്കാരിയും വൃദ്ധയുമായ എലിശ്ബായെ കാണുവാനായി യഹൂദിയായിലെ മലനാട്ടിൽ സ്ഥിതി ചെയ്യുന്ന സ്കറിയായുടെ ഭവനത്തിൽ പോവുകയും മറിയാമിന്റെയും ഏലീശ്ബായുടെയും ആത്മാവിൽ നിറഞ്ഞുകൊണ്ടുള്ള അവരുടെ സംഭാഷണവും കന്യക മറിയാമിന്റെ സ്തുതിപ്പുമാണ് ഇന്നത്തെ വേദഭാഗം.

**1. ശുശ്രൂഷാ മനോഭാവം**

കേവലം പതിമൂന്ന് വയസ്സ് മാത്രം പ്രായമുള്ള കന്യക മറിയം എലിസബത്തിനെയും അവളുടെ സുഖദുഃഖങ്ങളെയും തന്റേതായി കരുതിയതിന്റെ ഫലമാണ് യഹൂദിയായിലെ മലനാട്ടിൽ സ്ഥിതി ചെയ്യുന്ന സ്കറിയായുടെ ഭവനത്തിലേക്കുള്ള യാത്രയും അവിടെയുള്ള മൂന്നുമാസത്തെ താമസവും. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവിടെ ഇറങ്ങിച്ചെല്ലുന്ന ശുശ്രൂഷാമനോഭാവമാണ് മറിയാമിൽ കാണുന്നത്. അനേകർ ആഗ്രഹിച്ചു കാത്തിരുന്ന സൗഭാഗ്യമാണ് കന്യകമറിയാമിൽ വന്നെത്തിയത്. ദൈവപുത്രന്റെ അമ്മയാകുവാൻ ഭാഗ്യം ലഭിച്ചവൾ സ്ഥാനമാനങ്ങൾ മറന്നുള്ള ശുശ്രൂഷ മനോഭാവമാണ് കാണിക്കുന്നത്. താൻ ദൈവപുത്രന്റെ അമ്മയാകുവാൻ പോകുന്നു എന്ന് അറിഞ്ഞുകൊണ്ട് അഹങ്കരിക്കുകയല്ല, മറിച്ച് തന്നെക്കൊണ്ടാവുന്നത് മറ്റുള്ളവർക്ക് ചെയ്തു കൊടുക്കുകയാണ്. വാക്കുകൾക്കുപരി പ്രവൃത്തികൊണ്ട് ആദരവും സ്നേഹവും കാണിച്ച മറിയം നമുക്കെല്ലാവർക്കും മാതൃകയാണ്. നാം ഒന്ന് ചിന്തിക്കുമ്പോൾ നാമും അവലംബിക്കേണ്ടതായ മനോഭാവം ഏതുവിധം ഉള്ളതായിരിക്കണം എന്ന് മറിയം നമുക്ക് പകർന്നു നൽകുന്നുണ്ട്.

**2. എലിസബേത്തിന്റെ ആതിഥ്യ മര്യാദ**

തന്നെക്കാളും വളരെ പ്രായം കുറഞ്ഞ കന്യകമറിയാമിനെ എലിശ്ബാ ദൈവമാതാവായി അംഗീകരിക്കുകയും ആദരവ് നൽകുകയും സ്നേഹത്തോടെ ചേർത്തു പിടിക്കുകയുമാണ് ചെയ്തത്. കന്യക മറിയാമിന്റെ മഹത്വം ലോകത്തിന് മുമ്പാകെ ഏലീശ്ബായിലൂടെ വിശുദ്ധ ലൂക്കോസ് വെളിപ്പെടുത്തുന്നു. മറിയാമിന്റെ സന്ദർശനം ഏലീശ്ബായ്ക്ക് സന്തോഷം നൽകുന്നുണ്ട്. മറിയാമിനോട് ഇപ്രകാ പറയുന്നുണ്ട്: സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടത്, നിന്റെ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടതെന്ന്. നമ്മുടെ ഭവനത്തിലേക്ക് വരുന്ന ഒരു അതിഥിയെ നമുക്ക് സ്നേഹം കൊണ്ട് സ്വീകരിക്കുവാനും വിദ്വേഷം കൊണ്ട് വിഷമിപ്പിക്കുവാനും സാധിക്കും. നല്ലത് ഏത് എന്ന് കണ്ടെറിഞ്ഞു ചെയ്യുമ്പോൾ നാം പോലും അറിയാതെ മറ്റുള്ളവരിലേക്ക് അത് പകർന്നു നൽകുകയാണ് ചെയ്യുന്നത്.

## 4. യോഹന്നാൻ മാംദാനോയുടെ ജനനം (വി.ലൂക്കോ. 1:57-80) 10-12-2023

വൃദ്ധ ദമ്പതികളായ സ്കറിയായ്ക്കും എലീശ്ബാക്കും ദൈവകൃപയാൽ യോഹന്നാൻ എന്ന കുഞ്ഞ് ജനിച്ച ദിവസമാണ് കർത്താവിന്റെ പാതയെ ഒരുക്കുവാൻ ജനിച്ച കുഞ്ഞ്.

1) നിരാശയില്ലാതെ പ്രാർത്ഥിച്ചാൽ ദൈവ കരുണ ലഭിക്കും.

തങ്ങളുടെ ജീവിതത്തിന്റെ വാർദ്ധക്യ അവസ്ഥയിലാണ് സ്കറിയ-എലിശ്ബാ ദമ്പതികൾക്ക് യോഹന്നാനെ ലഭിക്കുന്നത്. നിരാശയില്ലാത്ത പ്രാർത്ഥനയുടെ ഫലമാണ് യോഹന്നാൻ. മക്കൾ ഇല്ലാതെ ഇരുന്നിട്ടും തന്റെ വാർദ്ധക്യ അവസ്ഥയിലും തെല്ലും നിരാശനാകാതെ പ്രാർത്ഥിച്ചതിന്റെ ഫലമായി സ്കറിയായ്ക്കും ദൈവകരുണ ലഭിച്ചു. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം തന്നെ ദൈവം കരുണ ഉള്ളവൻ എന്നാണ്.

ദൈവകല്പനകളെല്ലാം പാലിച്ച് ആരാധനയിൽ സംബന്ധിച്ച് ദൈവവുമായി നല്ല വ്യക്തി ബന്ധത്തിൽ ജീവിച്ചവരായിരുന്നു ഈ ദമ്പതികൾ. വാർദ്ധക്യസമയത്ത് സ്കറിയ ദൈവാലയത്തിൽ ആയിരിക്കുന്ന സമയത്താണ് ഗബ്രിയേൽ ദൂതൻ മുഖാന്തിരം ആ സന്തോഷവാർത്ത അറിയുന്നത്. ആ വാർദ്ധക്യസമയത്ത് ഗബ്രിയേൽ ദൂതൻ പറഞ്ഞതായ ദൂതിനെ സംശയിക്കുന്നുണ്ട്. പക്ഷേ ഒരിക്കലും അവർ ദൈവത്തിനു മുൻപിൽ നിരാശരായിരുന്നില്ല. നിരാശയില്ലാത്ത പ്രാർത്ഥനയുടെ ഫലമായി ആ ദമ്പതികൾക്ക് ദൈവകരുണ ലഭിച്ചു.

**2) ആത്മാവിൽ വളർന്ന പൈതൽ**

ഉദരത്തിൽ വച്ചുതന്നെ ദൈവകൃപ ലഭിച്ച പൈതലാണ് യോഹന്നാൻ. ഇതിനൊരു കാരണം എന്നത് സ്കറിയായുടെയും എലിശ്ബായുടെയും മുടങ്ങാതെയുള്ള പ്രാർത്ഥനയുടെ ഫലമാണ്. ഉദരത്തിൽ വച്ച് തന്നെ ദൈവകൃപ ലഭിച്ചവനാണ് യോഹന്നാൻ. അവർ ദൈവത്തിൽ അഭയപ്പെട്ട് ജീവിച്ചപ്പോൾ അവരുടെ പൈതലിനെ ദൈവം ഒരുക്കി. കുട്ടികൾ ലാളനയിലും ദൈവിക മൂല്യങ്ങൾ അറിഞ്ഞും വളർന്നു വരണം. ശാസന വേണ്ടിടത്ത് ശാസനയും സ്നേഹം നൽകേണ്ട സമയത്ത് സ്നേഹവും നൽകണം. പ്രാർത്ഥനാ നിർഭരമായ കുടുംബ സാഹചര്യങ്ങളിൽ കൂടി വളർന്നുവരുന്ന കുട്ടികൾ സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളവരായി തീരും. ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്കറിയായും എലിശ്ബായും ആത്മാവിൽ ശക്തിപ്പെടുത്തി യോഹന്നാനെ തന്റെ ദൗത്യം നിർവഹിക്കുവാൻ ഒരുക്കിയോ, അതുപോലെ ക്രിസ്തുവിൽ ചേർന്നുനിന്ന് പൈതങ്ങളെ ഒരുക്കുവാൻ ആത്മാവ് ഉള്ളവരായി വളർത്തുവാൻ നമുക്ക് സാധിക്കണം.

# വിവാഹം ഒരു കൂദാശയോ?

ആൻഡ്രൂസ് പി. ജോർജ്ജ്, പ്ലാതോടത്തിൽ ഓതറ

പരിശുദ്ധ സുറിയാനിസഭയുടെ ഏഴ് കൂദാശകളിൽ ഒന്നാണ് വിവാഹ കൂദാശ. ഇരുകുടുംബ സാഹചര്യത്തിൽ വളർന്ന് വ്യത്യസ്തമായ രീതിയിൽ ജീവിച്ച രണ്ടുപേർ ഒന്നാകുന്ന, ഒരു കുടുംബമാകുന്ന, ജീവിതത്തിൽ ഒരിക്കൽ മാത്രം നടക്കുവാൻ പാടുള്ള ഒരു കൂദാശയാണ് വിവാഹകൂദാശ. അതിന്റെ പ്രാധാന്യവും, ആത്മിക അന്തരീക്ഷവും അത്രയും പ്രാധാന്യത്തോടെ കണ്ടിരുന്ന ഒരു തലമുറ ഉണ്ടായിരുന്നു സുറിയാനി സഭയിൽ.

"വാനിൽ ഉടയോൻ കൈയ്യാൽ
മകുടം ഘോഷം ഇറങ്ങുന്നു
മണവാളന്/മണവാട്ടിയെ ആചാര്യൻ
അണിയിക്കും മകുടം രമ്യം"

സ്വർഗ്ഗത്തിൽനിന്നും ദൈവത്തിന്റെ പ്രതിപുരുഷനായ മേൽപട്ടക്കാരൻ/പട്ടക്കാരൻ തന്റെ കരങ്ങളാൽ ആഘോഷത്തോടെ മണവാളന്റെയും, മണവാട്ടിയുടെയും ശിരസിൽ പ്രാർത്ഥനാപൂർവ്വം മകുടം അണിയിക്കുന്നു. കൂദാശ എന്നാൽ "ശുദ്ധീകരണം" എന്നാണ് അർത്ഥം. വിവാഹകൂദാശയിലൂടെ മണവാളനേയും, മണവാട്ടിയേയും ശുദ്ധീകരണം നടത്തി ഒന്നിപ്പിക്കുന്ന വലിയൊരു ശുശ്രൂഷ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെയും ഒരുങ്ങി വന്നിരിക്കുന്ന ജനത്തിന്റെ മുമ്പാകെയും നടത്തപ്പെടുന്നു.

വിവാഹ ശുശ്രൂഷയിലെ വി. ഏവൻഗേലിയോനിൽ ഇപ്രകാരം വായിക്കുന്നു. "ആദിയിൽ സ്രഷ്ടാവ് ആണും, പെണ്ണുമായി മനുഷ്യരെ സൃഷ്ടിച്ചു എന്നും ആയതുകൊണ്ട് പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് പറ്റിച്ചേർന്ന് ഇരിക്കുകയും, അവർ ഒരു ശരീരമായി തീരുമെന്ന് അവിടുന്ന് കൽപ്പിച്ചു എന്ന് നിങ്ങൾ വായിച്ചിട്ടില്ലയോ" (മത്താ. 19). രണ്ട് വ്യക്തികളെ ഒന്നാക്കുന്ന വലിയൊരു ശുശ്രൂഷയാണ് വിവാഹ കൂദാശയിലൂടെ നടക്കുന്നത്. ആ കൂദാശയുടെ വിശുദ്ധിയും, പരിപാവനതയും എത്രത്തോളം നിലനിർത്തുവാൻ ഇന്ന് നമ്മുടെ സമുദായത്തിന് കഴിയുന്നുണ്ട്?

"ശുഭ ചിഹ്നം തൻ സ്ലീബാ
വിജയ കൊടിതൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും
സ്ലീബായിൽ പുകഴും നാം"

ഇന്ന് നമ്മുടെ വിവാഹ കൂദാശയുടെ അവസ്ഥ എന്താണ്? ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വിവാഹം എന്ന കൂദാശ എങ്ങനെയും എപ്പോൾ വേണമെങ്കിലും നടത്താം എന്ന അവസ്ഥയിൽ നമ്മുടെ സമൂഹം മാറ്റപ്പെട്ടു.

പുതുതലമുറ അവരുടെ ഇഷ്ടത്തിന് വിവാഹകൂദാശ ക്രമീകരിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത് വിവാഹ നിശ്ചയം മുതൽ വധുവും, വരനും നൃത്തച്ചുവടുകളും, ഫോട്ടോ ഷൂട്ടുമായി തകർത്താടുമ്പോൾ പ്രതികരണ ശേഷി നഷ്ടപ്പെട്ട വൈദികരെയും, കുടുംബാഗങ്ങളെയും നമ്മൾക്ക് കാണുവാൻ കഴിയും. വിവാഹം ഒരു ശുശ്രൂഷ എന്നതിൽ ഉപരിയായി നമ്മുടെ ആഡംബരം മറ്റുള്ളവരെ കാണിക്കുവാനുള്ള ഒരു വേദിയായി ഇന്ന് മാറ്റപ്പെട്ടുകഴിഞ്ഞു പരി. മദ്ബഹയുടെ ഒരുങ്ങി നിൽക്കുന്ന വധുവരൻമാർ മാന്യമായ വസ്ത്രം ധരിക്കുവാൻപോലും തയ്യാറാകുന്നില്ല. പുതുതലമുറയുടെ ഇഷ്ടത്തിന് എല്ലാം വിട്ടു കൊടുത്താൽ നമ്മുടെ കൂദാശകളിലുള്ള വിശ്വാസം പാടെ ഇല്ലാതെയാക്കും. ഓർക്കുക വിവാഹം ഒരു കൂദാശയാണ്.


100 –ാം വയസ്സിലേയ്ക്ക് കടന്ന ഞങ്ങളുടെ പ്രിയപ്പെട്ട അമ്മച്ചിയ്ക്ക്



ഏലിയാമ്മ ചാക്കോ

കളത്തിൽ, കുറിച്ചി

കുടുംബാംഗങ്ങളുടെ ആശംസകൾ

## മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് (രജി.)

**മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, കോട്ടയം- 686531**

Ph: 944715909070, 9447033065

## വാർഷിക പൊതുയോഗ നോട്ടീസ്

മോർ സേവേറിയോസ് എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം 5-12-2023 ചൊവ്വാഴ്ച 11.00 A.M. ന് മോർ അപ്രേം സെമിനാരി അസ്സോസിയേഷൻ ഹാളിൽ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ പൊതുയോഗ അംഗങ്ങളും ഹാജരാകണമെന്ന് താല്പര്യപ്പെടുന്നു.

ചിങ്ങവനം
01-11-2023

എന്ന്,
എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

**ഫാ. എ. പി.ജേക്കബ് ആഞ്ഞിലിമൂട്ടിൽ** **തോമസ് ജോൺ കുളങ്ങര**

### Agenda

- Prayer
- Welcome Speech
- Presidential Address
- Annual Accounts and Reports 2022-2023
- Election of New Ex-Trustees and Committee members
- Other matters with the permission of the chair
- Vote of thanks

# നന്ദിപൂർവ്വം ക്ലീമീസ് പ്രസ്സ്

2018-ൽ ക്ലീമ്മീസ് പ്രസ്സിന്റെ പുതിയ ഭാരവാഹികളായി പ്രവർത്തനം ആരംഭിച്ചതു മുതൽ ഇതുവരെയുള്ള അഞ്ചുവർഷക്കാലം നല്ല രീതിയിൽ ഉത്തരവാദിത്വപൂർണ്ണമായി ക്നാനായ ദീപത്തിന്റെ പ്രിന്റിംഗിനോടൊപ്പം നമ്മുടെ സമുദായത്തിന്റെയും ഇതര പ്രസ്ഥാനങ്ങളുടെയും പ്രിന്റിംഗ് ജോലികൾ ചെയ്യുവാൻ സാധിച്ചു എന്നതിൽ വളരെ സന്തോഷമുണ്ട്. ഈ കാലയളവിൽ ക്ലീമ്മീസ് പ്രസ്സ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി എന്നോടു ചേർന്നു പ്രവൃത്തിച്ച ശ്രീ. ഏബ്രഹാം കുര്യൻ കൈപ്പുഴ, ശ്രീ. ബെന്നി മാത്യു കരിയിൽ, ശ്രീ.പി.എ. ജോസഫ് പുത്തൻപുരയ്ക്കൽ, ശ്രീ.എ.യു. കുറിയാക്കോസ് ഐക്കര, ശ്രീ. ഷിനോ ജോസഫ് കല്ലൂർതുണ്ടിയിൽ, ട്രസ്റ്റിയായി പ്രവർത്തിച്ച ശ്രീ. സിബി ബേബി തോപ്പിൽ എന്നിവരുടെ നിസ്വാർത്ഥമായ സേവനത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു. ഒന്നു ചേർന്നുള്ള പ്രവർത്തനഫലമായി ഇക്കാലയളവിൽ 10,00,000/- രൂപ നീക്കിബാക്കിയായി സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

എല്ലാവിധമായ പ്രോത്സാഹനങ്ങളും നല്കിയ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ ഭാരവാഹികൾ എല്ലാവരോടുമുള്ളതായ നന്ദി അറിയിക്കുന്നു.

2023-28 കാലയളവിലേക്കുള്ള പുതിയ കമ്മിറ്റി അംഗങ്ങളായ കെ.കെ. ചാക്കോ, കൂർക്കകാലായിൽ, കെ.എ. മാത്യു (ബേബി), കൊമരത്തുംപറമ്പിൽ, കുര്യൻ ഏബ്രഹാം, കൈപ്പുഴ, മാത്യു ഏബ്രഹാം (വേൽസ്കുട്ടി), പാറുമലയിൽ, ഒ.സി. യാക്കോബ്, ഒലിയപ്പുറത്ത്, സാബു ജേക്കബ്, ചിറയിൽ, തമ്പി മാത്യു മുക്കാട്ട് എന്നിവരേയും സ്വാഗതം ചെയ്യുന്നു. ഇവരോടു ചേർന്ന് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ വായനക്കാരായ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

എന്ന് കമ്മിറ്റിയ്ക്കുവേണ്ടി

**ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ**

ക്ലീമ്മീസ് പ്രസ്സ് മാനേജർ




മഴക്കാലം കഴിയാറായിരുന്നു. നല്ല ഒരു ദിവസം വൈകിട്ട് വിദ്യാലയം വിട്ട് വരുകയായിരുന്ന കുട്ടി നിറഞ്ഞൊഴുകുന്ന പുഴ കണ്ട് സന്തോഷിച്ചു.

ഒന്നു നീന്തിക്കുളിച്ചാൽ നന്നായിരിക്കും. കുട്ടികളുമായി കെട്ടി മറിഞ്ഞു കളിച്ചതുമൂലം ദേഹത്തിൽ അഴുക്കും വിയർപ്പും ഉണ്ട്. അഴിച്ചുമാറ്റിയ വസ്ത്രങ്ങളും പുസ്തകവും ഒരിടത്തുവെച്ചു കുട്ടി നദിയിലിറങ്ങി.

കുറച്ചുനേരം അവൻ ആഹ്ളാദത്തോടെ നീന്തി. നിലകിട്ടാത്തിടത്ത് നദിയുടെ ഒഴുക്കിൽപ്പെട്ടുപോയിതാനെന്നു പെട്ടെന്നാണ് കുട്ടി മനസ്സിലാക്കിയത്. ഒഴുക്കിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള വെപ്രാളത്തോടെയുള്ള അവന്റെ പ്രയത്നം വിഫലമായി.

അപ്പോൾ നദിക്കരയിലൂടെ ഒരാൾ നടന്നു വരുന്നതുകണ്ട് കുട്ടി എന്നെ 'രക്ഷിക്കണേ! രക്ഷിക്കണേ! എന്നു നിലവിളിച്ചു:

'എടോ തനിക്ക് അറിഞ്ഞുകൂടേ, ഈ മഴക്കാലത്ത് നദിയിൽ ഇറങ്ങി നീന്താൻ പാടില്ലെന്ന്? യാത്രക്കാരൻ കുട്ടിയോടു ദേഷ്യപ്പെട്ടു. പഠിക്കാനെന്നും പറഞ്ഞ് പുറപ്പെട്ടിട്ട് ഇതാണോ തൊഴിൽ? ഇനി എപ്പോഴാണ് ഒന്നു വീടെത്തുക? നീ ഇത്ര മണ്ടനായിപ്പോയല്ലോ! ഞാൻ അങ്ങോട്ടു ചെന്നു നിന്റെ അച്ചനെ കാണട്ടെ. ഹെഡ്മാസ്റ്ററോടും പറഞ്ഞേക്കാം.'

'സാറെ! ദയവായി എന്നെ രക്ഷിക്കൂ ഇപ്പോൾ'. കുട്ടി വിളിച്ചു പറഞ്ഞു. 'പിന്നീട് നിങ്ങൾ എന്തു പ്രസംഗിച്ചാലും ചെയ്താലും കൊള്ളാം.'

***ഉടനെ പ്രവർത്തിക്കേണ്ടിടത്തു വലിയൊരു പ്രസംഗം നടത്തി ഒഴിഞ്ഞുമാറുന്നവരുണ്ട്.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**നവംബർ മാസത്തിലെ ചോദ്യങ്ങൾ**
(ഉല്പത്തി പുസ്തകത്തിൽനിന്നും)

1. ഏദൻ തോട്ടത്തിന്റെ നടുവിൽ ഉണ്ടായിരുന്ന വൃക്ഷങ്ങളേവ?
2. കൂശ് ദേശമൊക്കെയും ചുറ്റുന്ന നദി ഏത്?
3. ലാമേക്കിന്റെ പിതാവാര്?
4. ഹാബേലിനു പകരം ദൈവം ആദാമിനു നൽകിയ സന്തതി ആര്?
5. ബൈബിളിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ രക്ത സാക്ഷി ആര്?
6. നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്ന ബൈബിൾ കഥാപാത്രം ആര്?
7. അതിസുന്ദരി എന്ന് മിസ്രയിമ്യർ കണ്ട ഒരു എബ്രായ സ്ത്രീ ആര്?
8. കിൽക്കുഴികൾ വളരെയുണ്ടായിരുന്ന താഴ്വര ഏത്?
9. യഹോവയ്ക്കും അബ്രഹാമിന്റെ സന്തതികൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം എന്ത്?
10. അബ്രഹാം കിണർ കുഴിച്ചതിനു സാക്ഷിയായി അബീമേലെക്കിനു കൊടുത്തതെന്ത്?

**ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ**

1. പീശോൻ (2:11)
2. പാമ്പ് (3:1)
3. ഹവ്വാ (3:3)
4. കെരൂബുകളെ (3:24)
5. കായീൻ (4:1)
6. ആട്ടിടയൻ
7. നോദ് ദേശത്ത് (4:16)
8. ഹാനോക്ക് (4:17)
9. ലാമെക്ക് (4:19)
10. 930 സെവത്സരം (5:5)

## ശുഭചിന്തകൾ

***ഒന്നു വീണുപോയാൽ എഴുന്നേൽപ്പിക്കാൻ നമ്മുടെ സമ്പത്തിനാവില്ല. അതിനൊരു കൈത്താങ്ങ് തന്നെ വേണം. എന്നും സമ്പത്തിനേക്കാൾ മൂല്യം മനുഷ്യബന്ധങ്ങൾക്കു തന്നെയാണ്. നമുക്ക് ബന്ധങ്ങൾ കാത്തു സൂക്ഷിക്കാം.***


PAULSON
WOOD | METAL | STONE
നിങ്ങൾ മനസിൽ കണ്ടത് ഇനി പോൾസണിൽ നിന്ന് വാങ്ങു !!
വുഡ്, മെറ്റൽ, സ്റ്റോണിൽ തീർത്ത ആകർഷണീയമായ ആന്റിക് വർക്സ്, കരകൗശല ഉത്പന്നങ്ങൾ, വിളക്കുകൾ, ആലുവിളക്കുകൾ കൊടിമരം, പള്ളിമണികൾ, താഴികക്കുടം, അമ്പലപ്പണികൾ, പ്രഭാവലയം, പെരുനാൾ കുരിശുകൾ, ബലിക്കല്ലുകൾ, കസ്റ്റമൈസേഡ് വുഡൻ ഫർണിച്ചർ, വുഡ് & മെറ്റൽ പോളിഷിങ് വർക്സ് എന്നിവക്കൊപ്പം വെങ്കല പ്രൗഢി വിളിച്ചുണർത്തുന്ന നിരവധി വസ്തുക്കൾ ഞങ്ങളുടെ പുതിയ വർക്ക് ഷോപ്പിൽ പണിതു കൊടുക്കുന്നതാണ്.
ഞങ്ങളുടെ ഈ നോട്ടീസുമായി വരൂ... നേടൂ മികച്ച ഓഫറുകൾ...
പോളിഷിംഗ് വർക്സ് കിലോയ്ക്ക് വെറും 80 രൂപ. കൂടാതെ മറ്റു നിരവധി ഓഫറുകളും!
CYCLEMUKKU JN, KADAPRA,
MANNAR P.O, NIRANAM
+91 7559062900
+91 9495680660
paulsonwoods12@gmail.com

Advt - O

**1st Death Anniversary**
**26-11-2023**



# P.P. Mathew (Jaymon)

**Pullampallil House, Ranny**

*"The pain of grief my lessen with time but the memories of our loved one will never fade"*

With family Members
Jessy Mathew (wife) Meenu Mathew (daughter) Tino Abraham (son in law)

Advt -O

## 10th Death Anniversary

10 – 11 – 2023



# RAJESH MATHEW

**Chakkumoottil (Thuruthicad)**

**Bombay**

We miss you forever

Bereaved Family

Advt -O

## 1 – ാം ചരമവാർഷികം

24 – 11 – 2023



# T. S. IDICULLA (Babychen)

**പള്ളത്ര (തത്തുകാട്ടിൽ) തിരുവൻവണ്ടൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -O

## 22nd Death Anniversary

10 – 04 – 2023

## 20th Death Anniversary

24 – 11 – 2023

## 5th Death Anniversary

24 – 11 – 2023





**YESHAV CHACKO** **SARAMMA CHACKO** **ALEYAMMA ELIAS**

## CHALUNKAL, VAKATHANAM

*കർത്താവായ യേശുവിനെ ഉയർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടെ ഉയർപ്പിച്ചു.*
*നിങ്ങളോടുകൂടെ തിരുസന്നിധിയിൽ നിർത്തും എന്നു ഞങ്ങളറിയുന്നു. (2 കൊരി. 4:14)*

Advt -S

## 4 – ാം ചരമവാർഷികം

**14-11-2023**



## Thankamma Kunjachan

(കൊച്ചമ്മച്ചി )

**Planthottathil Thayil, Kallissery**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
ഞങ്ങളുടെ സ്വന്തം കൊച്ചമ്മച്ചി”

Jiju and Family

Advt -S

---

| 40 – ാം ചരമദിനം | 133 – ാം ചരമദിനം |
|---|---|
| 19 – 11 – 2023 | 10 – 07 – 2023 |



| **M.T. ABRAHAM** (കുട്ടായി) | **ACHAMMA ABRAHAM** |
|---|---|

**Manimalathu, Ranny**

Beloved Family

Advt - S

---

## 3rd Birthday in Heaven

**3-11-2023**



## Mrs. Mariamma Thomas

**W/o Thomas K.C.**

**Kunnelparampil (H), Chingavanam**

Miss u Mummy, See u at the beautiful shore

By Beloved family

Advt - O

---

## 7th Birthday at Heaven

**14 – 11 – 2023**



## ശോശാമ്മ കുര്യൻ (അമ്മിണി)

**മംഗലവീട്ടിൽ, ഐത്തല പി. ഒ., റാന്നി**

*പ്രത്യാശയോടെ ദു:ഖത്തിലിരിക്കുന്ന കുടുംബാംഗങ്ങൾ*

Advt -R

## 12 – ാം ചരമവാർഷികം

22 – 11 – 2023



Advt -R

## പി. എം. ചാണ്ടി

**പാലക്കുടിയിൽ, ചിങ്ങവനം**

“നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4th Anniversary in Heaven

07 – 11 – 2023



## T. T. Joseph

**Thundiyil Joby Villa**
**Manjadi, Kattode**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

By Sorrowing Family

Advt -O

## 8 – ാം ചരമവാർഷികം

6 – 2 – 2024



## ഏബ്രഹാം സ്കറിയ

## 1 – ാം ചരമവാർഷികം

6 – 12 – 2023



Advt -O

## മറിയാമ്മ സ്കറിയ

**പാട്ടാളശ്ശേരിൽ, വാലടി**

*സന്തപ്ത കുടുംബാംഗങ്ങൾ*

12 – ാം ചരമവാർഷികം
13 – 11 – 2023

8 – ാം ചരമവാർഷികം
19 – 12 – 2023





**THANKAMMA MATHEW**

**A.O.MATHEW**

**Mulamoottil,**
**Ranni**

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

5 – ാം ചരമവാർഷികം
18 – 11 – 2023



**സി.ജെ. പുന്നൂസ് (സണ്ണി)**

**കോട്ടയ്ക്കൽ, കോട്ടയം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt -R

*സന്തപ്ത കുടുംബാംഗങ്ങൾ*

സ്വർഗത്തിൽ 31 – ാം പിറന്നാൾ
12 – 11 – 2023

സ്വർഗത്തിൽ 14 – ാം പിറന്നാൾ
4 – 11 – 2023





**വി.സി. സ്കറിയ**
(Rtd. A.E.)

**എ.സി. ചിന്നമ്മ**
(Rtd. Teacher)

**വൈക്കത്തുശ്ശേരിൽ, കുറിച്ചി**

Advt - G

*സന്തപ്ത കുടുംബാംഗങ്ങൾ*



## 5 – ാം ചരമവാർഷികം

**12 – 11 – 2023**

# ശോശാമ്മ ജയ്ക്കബ്

## (ശാന്തമ്മ)

കണ്ണാടിപുഴ, ഇരുമ്പനം, എറണാകുളം

Advt - G

"എനിക്കാശ്ചര്യമെൻ മനമേ
എന്നമ്മതൻ സാന്നിധ്യമില്ലാതെ
എങ്ങനെ ഞാൻ തുടർന്നു
ഈ പഞ്ചവത്സരങ്ങൾ"

**Jaickochen, children and Grand children**

## 1 – ാം ചരമവാർഷികം

**22 – 11 – 2023**



Advt -G

# പി. എസ്. സാബു

പള്ളിപ്പറമ്പിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*ഭാര്യ : മിനി, മക്കൾ : എൽവിൻ, ഹെൽവിൻ*

## 40th Day of Demise

**09 – 11 – 2023**

17-05-1938 - 1-10-2023



Advt -O

# Dr. K.A. Kurian Amburan (Thampy 85)

**Erayilkadavu, Kottayam**

"And the dust return to the earth as it was, and the spirit returns to God who gave it."

Bereaved by Wife- Susy Kurian Kambakalumnkal
Children - Annu & Jebu, Deepu & Maya, Capt. Vinu & Karuna, Georgy & Ammu
Grand Children - Ashwin & Minnu, Shosha, Ron & Rhianna, Alan, Sam & Rhesa, Yana & Jenika

40 – ാം ചരമദിനം
13 – 11 – 2023

രണ്ടാം ചരമവാർഷികം
7 – 12 – 2023



എ. സൈമൺ

ആലീസ് സൈമൺ

അറയ്ക്കപ്പെരുമേത്ത്, ഐത്തല, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

30 – ാം ചരമവാർഷികം
22 – 12 – 2023

2 – ാം ചരമവാർഷികം
3 – 12 – 2023

3 – ാം ചരമവാർഷികം
5 – 12 – 2023







**Cherian Skariah**

**Kunjunjamma Cherian**

**Kattayil House, Poovanthuruth**

**Thomas Joseph**

**Edasseril, Karikulam, Ranni**

Our heart & soul will always be wounded by your's losses.
Till we meet on beautiful shore

Sorrowing Family

Advt -O



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

വികാരി അച്ചന്റെ മുറിയുടെ വാതിൽക്കൽ അച്ചന്റെ അനുവാദത്തിനായി കാത്തു നിൽക്കുകയാണ് ഫൈവ് ഫിംഗേഴ്സും അവരുടെ സഹധർമ്മിണികളും.

"യെസ്. കമിൻ."

അച്ചൻ പുഞ്ചിരിയോടെ പറഞ്ഞു.

യാതൊരു മുഖവരയും കൂടാതെ ലിസി ചോദിച്ചു.

"അച്ചന് എങ്ങനെയാണ് ഇങ്ങനെ നിർവ്വികാരനായി ഇരിക്കുവാൻ കഴിയുന്നത്. ഞങ്ങൾ സങ്കടം വന്നിട്ട് കരഞ്ഞു പോകും എന്ന ഭയത്തിലാണ് അപ്പോഴാണ് അച്ചൻ ചിരിച്ചു കൊണ്ട് ഇരിക്കുന്നത്."

"വന്ന കാലിൽ നിൽക്കാതെ എല്ലാവരും ഇരിക്കാൻ നോക്ക്! അതുകഴിഞ്ഞു മതി പരാതിയും പരിഭവവും."

അച്ചൻ പുഞ്ചിരിയോടെ പറഞ്ഞു.

"എങ്കിലും അച്ചോ തിരുമേനിയുടെ സ്ഥലംമാറ്റ കല്പന ഉണ്ടാകുമെന്നറിഞ്ഞിട്ടുപോലും അച്ചൻ ഞങ്ങളോടു ഒന്നും പറയാതിരുന്നത് ശരിയല്ല. അല്ലെങ്കിൽ തിരുമേനിക്ക് ഞങ്ങൾ ഒരു നിവേദനം കൊടുക്കുമായിരുന്നു".

ജോസഫാണ് പരാതിക്കാരൻ.

"അതറിയാവുന്നതുകൊണ്ട് തന്നെയാണ് ഈ വിവരം ഞാൻ നിങ്ങളോട് നേരത്തെ പറയാതിരുന്നത്. ഇടവക മെത്രാപ്പോലീത്തയുടെ കല്പന അനുസരിക്കേണ്ടത് ഒരു വൈദികന്റെ കർത്തവ്യമാണ്. പോകാൻ പറഞ്ഞാൽ പോകണം. നിൽക്കാൻ പറഞ്ഞാൽ നിൽക്കണം. എപ്പിസ്ക്കോപ്പസിയുടെ മഹത്വം. സ്നേഹത്തിന്റെയും ബന്ധങ്ങളുടെയും കണക്ക് പറഞ്ഞ് തിരുമേനിയെ ഇടവകക്കാർ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. എനിക്കു ശേഷം വരുന്ന വികാരി അച്ചൻ എത്രമാത്രം സമർത്ഥനാണെന്നറിയാമോ. മൂന്നുമാസം കഴിയുമ്പോൾ നിങ്ങൾ പറയും ഞങ്ങളുടെ പഴയ അച്ചനെക്കാൾ മിടുക്കൻ പുതിയ അച്ചനാണെന്ന്."

"അതു വെറുതെയാണ്. ഇതുപോലെ ഇടവകയെ ഒരുമിച്ച് കൊണ്ടുപോവുകയും കുടുംബജീവിതത്തെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്യുവാൻ ഇനിയും വരുന്ന അച്ചന് കഴിയുമെന്ന് തോന്നുന്നില്ല."

ജോജോ പറഞ്ഞു.

"അത് വെറും ഒരു തോന്നൽ മാത്രമാണ്. എല്ലാ അച്ചന്മാരും ഓരോ വിധത്തിൽ മിടുക്കന്മാരാണ്. ദൈവവിളി ലഭിച്ച എല്ലാ വൈദികരും ദൈവം നൽകിയ പൗരോഹിത്യ നൽവരങ്ങളാൽ നിറഞ്ഞവരാണ്. അതിനാൽ അവർ ഓരോരുത്തരും ഓരോവിധത്തിൽ ദൈവത്തിന് പ്രയോജനമുള്ളവരാണ്. പുതിയതായി വരുന്ന വികാരി അച്ചനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്താൽ മതി."

അച്ചൻ പറഞ്ഞു.

കമ്മിറ്റി മുറിയിൽ അച്ചനെ മാറ്റി നിർത്തിക്കൊണ്ട് കാര്യനിർവ്വാഹക സമിതി അച്ചന്റെ യാത്ര അയപ്പിനെക്കുറിച്ച് ആലോചന നടത്തുന്നതിനാൽ അച്ചൻ ഇപ്പോൾ free ആണ്. അച്ചനുമായി സംസാരിച്ചിട്ട് ഫൈ ഫിംഗേഴ്സിന് മതിയാകുന്നില്ല. എല്ലാവരും അച്ചൻ വന്നതിനുശേഷം ലഭിച്ച ക്ലാസ്സുകളിലൂടെ തങ്ങളുടെ കുടുംബ ജീവിതത്തിന്റെ ഐശ്വര്യത്തക്കുറിച്ച് വാചാലരാകുകയാണ്. ആ സമയത്താണ് ഇടവകസെക്രട്ടറി അച്ചന്റെ മുറിയിലേക്ക് കടന്നുവരുന്നത്.

''അച്ചോ ഒരു മാസം തികച്ചില്ല. അടുത്ത മാസം ആദ്യത്തെ ഞായറാഴ്ച പുതിയ വികാരി അച്ചൻ ചാർജെടുക്കും. അതിനാൽ ഈ മാസത്തെ അവസാനത്തെ ഞായറാഴ്ച യാത്രയയപ്പ് സമ്മേളനം നടത്താനാണ് കമ്മിറ്റിയുടെ ആലോചന. അച്ചന്റെ അഭിപ്രായം അറിയുവാനാണ് ഞാൻ വന്നത്. സെക്രട്ടറി കുറിയാക്കോച്ചൻ അറിയിച്ചു.

"അതിനെന്താ കുര്യക്കോസ്, അന്ന് ആയിക്കൊള്ളട്ടെ. എനിക്ക് അസൗകര്യമൊന്നുമില്ല." അച്ചന്റെ മറുപടി കേട്ട് ഉടനെ കുര്യക്കോസ് കമ്മിറ്റി മുറിയിലേക്ക്പോയി.

വിഷമത്തോടെ അച്ചനോട് യാത്ര പറഞ്ഞ് ഫൈവ് ഫിംഗേഴ്സ് പുറത്തേക്കിറങ്ങി. അവർ കമ്മിറ്റി മുറിയിൽ എത്തി. കമ്മിറ്റി മുമ്പാകെ ഒരു അഭ്യർത്ഥന വച്ചു. ജോസഫാണ് പറഞ്ഞത്.

“ഞങ്ങളിലൊരാൾക്ക് യാത്രയയപ്പിന് പ്രസംഗിക്കുവാൻ അവസരം നൽകണം.”

ട്രസ്റ്റി തോമാച്ചായൻ പറഞ്ഞു.

“ജോസഫ് അച്ചൻ പറഞ്ഞത് അധികം പ്രസംഗങ്ങളൊന്നും വേണ്ടെന്നാണ്. സ്ഥലം M.L.A. യെയും പഞ്ചായത്ത് മെമ്പറിനെയും ക്ഷണിക്കണമെന്നായിരുന്നു ഞങ്ങളുടെ പ്ലാൻ. പക്ഷെ അച്ചൻ സമ്മതിക്കില്ല. രാഷ്ട്രീയ പ്രസംഗങ്ങൾ വേണ്ടെന്നാണ് അച്ചന്റെ തീരുമാനം. എന്നാൽ നിങ്ങളുടെ പരിശ്രമത്തിന്റെ ഫലമായി ഇടവകയിൽ കുടുംബ ജീവിതത്തെക്കുറിച്ച് അച്ചൻ ധാരാളം ക്ലാസുകൾ എടുത്തിട്ടുണ്ട്. അതിനാൽ നിങ്ങളിലൊരാൾക്ക് ഒരു അവസരം നൽകാം. പ്രോഗ്രാം തയ്യാറാക്കുമ്പോൾ പ്രസംഗിക്കുന്നത് ആരാണെന്ന് പറഞ്ഞാൽ മതി.”

“ഒകെ. താങ്ക് യൂ.”

ജോജോ പറഞ്ഞു.

നാല് മണി ആയപ്പോൾ ഫൈവ് ഫിംഗേഴ്സ് ജോസഫിന്റെ വീട്ടിൽ സംഘടിച്ചു. ലിസി എല്ലാവർക്കും കാപ്പി നൽകി. ലിസിയുടെ മുഖത്ത് ദുഃഖം ഘനീഭവിച്ച് നിൽക്കുകയാണ്.

“ഇന്ന് ഞാൻ എന്റെ വീട്ടിൽ ഇങ്ങനെ നിൽക്കുന്നത് അച്ചൻ ഒരാൾ എടുത്ത effort ആണ്. രണ്ടു വഴിക്കു പിരിയേണ്ട ഞങ്ങളെ അച്ചൻ രമ്യതയിലാക്കി. ഈ യാത്രയയപ്പ് എനിക്ക് എന്റെ അപ്പൻ എന്നെവിട്ട് പോകുന്നതുപോലെയാണ്.” ലിസി സങ്കടത്തോടെയാണ് പറഞ്ഞത്.

“സത്യമാണ്. ഞാനും ലിസിയും ഞങ്ങളുടെ മക്കളോടൊപ്പം ഇപ്പോൾ ആയിരിക്കുന്നത് അച്ചന്റെ സന്ദർഭോചിതമായ ഇടപെടൽകൊണ്ടാണ്.”

ജോസഫ് ലിസിയെ പിന്താങ്ങി.

“ഏതായാലും അച്ചന്റെ യാത്രയയപ്പ് നമ്മുടെ നന്ദി സൂചകമായി ഒരു വലിയ സംഭവമാക്കണം.” ബിനു പറഞ്ഞു.

ഹൃദയത്തിന്റെ ഭാഷയിലാണ് എല്ലാവരും സംസാരിക്കുന്നത്. എല്ലാവർക്കും തങ്ങളുടെ ഏതോ ഒരു വലിയ പ്രധാനപ്പെട്ട ആൾ തങ്ങളെ വിട്ടുപോകുന്നതിന്റെ നൊമ്പരമായിട്ടാണ് അച്ചന്റെ സ്ഥലംമാറ്റത്തെ കാണാൻ കഴിയുന്നത്. അച്ചന്റെ parsonage എല്ലാവർക്കും ഒരു സെക്കന്റ് ഹോം ആയിരുന്നു. അച്ചനും കുടുംബവും ഇതുവരെ ആ ഇടവകയിൽ വന്നിട്ടുള്ള ഏതൊരു അച്ചനെക്കാൾ അവരുടെ ഹൃദയം കവർന്നിരിക്കയാണ്.

പള്ളിയിൽ മൊത്തത്തിൽ ഒരു സംസാരവിഷയമാണ് അച്ചന്റെ സ്ഥലംമാറ്റം ആർക്കും അത് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഇടവകമെത്രാപ്പോലീത്തയെ കണ്ട് ട്രാൻസ്ഫർ മാറ്റാം എന്നു വിചാരിച്ചു പക്ഷെ അച്ചൻ സമ്മതിക്കുകയില്ല. മെത്രാപ്പോലീത്ത ഒട്ടും തയ്യാറാകുകയില്ല. കാരണം തിരുമേനി വളരെ സ്ട്രിക്ട് ആണ്. അരമനയിൽ ഈ വിഷയവും പറഞ്ഞുകൊണ്ട് ആരും ചെല്ലരുതെന്ന് നേരത്തെ തന്നെ കൽപ്പിച്ചിട്ടുള്ളതാണ്.

അച്ചന്റെ യാത്രയയപ്പിന്റെ ദിവസം എത്തി. വി. കുർബ്ബാനയ്ക്കുശേഷം ഒരു ചെറിയ യാത്രയയപ്പു സമ്മേളനം. സംഘടനകളെ പ്രതിനിധീകരിച്ച് ഓരോരുത്തർ പ്രസംഗിക്കുവാനെത്തി. എല്ലാവരും കണ്ഠം ഇടറാതിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. യുവജനങ്ങളെ പ്രതിനിധീകരിച്ച് ടോണിയാണ് എത്തിയത്. സാധാരണ നർമ്മരസം നിറച്ച് ആളുകളെ ചിരിപ്പിച്ചുകൊണ്ട് തന്റെ ആശയം അവതരിപ്പിക്കുന്ന ടോണിയുടെ മുഖം കണ്ടപ്പോൾ തന്നെ ഫൈവ് ഫിംഗേഴ്സ് ഒരു കാര്യം തീർച്ചപ്പെടുത്തി.

“എടാ ജോജോ, ടോണി ഈ പ്രസംഗം പൂർത്തീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.”

ബിനു പറഞ്ഞു.

“അതെ എനിക്കും അങ്ങനെ തോന്നുന്നു. സദസ്സിനെ പൊട്ടിച്ചിരിപ്പിക്കുന്ന വാഗ്മിയായ ടോണി എങ്ങനെയെങ്കിലും പ്രസംഗം അവസാനിപ്പിച്ചാൽ മതി ആയിരുന്നു.” ജോജോ ആശങ്ക പ്രകടിപ്പിച്ചു.

ടോണി ഒരു തരത്തിൽ പ്രസംഗം ആരംഭിച്ചു പെയ്യാൻ കാത്തിരിക്കുന്ന കാർമേഘംപോലെയുള്ള മുഖവുമായി നിൽക്കുന്ന ടോണി ഔപചാരികത കഴിഞ്ഞ് അച്ചനെക്കുറിച്ച് പറയുവാൻ തുടങ്ങുകയും മുളചീന്തുന്നതുപോലെ ഒരു കരച്ചിൽ. എല്ലാവരുടെയും കണ്ണുകൾ നനഞ്ഞു. അച്ചൻ എഴുന്നേറ്റ് ചെന്ന് ടോണിയുടെ ചുമലിൽ കൈവച്ചു. ടോണി അച്ചന്റെ മാറിലേയ്ക്ക് വിങ്ങിപ്പൊട്ടിക്കൊണ്ട് ചാഞ്ഞു. അച്ചൻ ടോണിയെ സമാധാനപ്പെടുത്തി. ഒരു തരത്തിൽ പ്രസംഗം അവസാനിപ്പിച്ച് ടോണി പുറത്തേക്കോടി.

ഫൈവ് ഫിംഗേഴ്സിനെ പ്രതിനിധീകരിച്ച് ജോസഫാണ് പ്രസംഗിക്കുന്നത്.”

“എനിക്ക് ഈ പ്രസംഗം അവസാനിപ്പിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു”.

എന്നു പറഞ്ഞുകൊണ്ടാണ് ജോസഫ് തന്റെ പ്രസംഗം ആരംഭിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതുപോലെ ഞാനും ലിസിയും മക്കളോടൊപ്പം ഇന്ന് സന്തോഷത്തോടെ ഞങ്ങളുടെ ഭവനത്തിൽ വസിക്കുന്നത് നമ്മുടെ വികാരി അച്ചന്റെ സന്ദർഭോചിതമായ ഇടപെടൽ കൊണ്ടാണ്. മാത്രമല്ല ഞങ്ങൾ ഫൈവ് ഫിംഗേഴ്സിനെ ഉപയോഗിച്ച് നമ്മുടെ പള്ളിയിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ ക്രമീകരിച്ചതിലൂടെ കുടുംബജീവിതത്തിന്റെ മഹത്വത്തെ അച്ചൻ നമുക്കു കാട്ടിത്തന്നു. ഉത്തമനായ ഭർത്താവും, ഉത്തമയായ ഭാര്യയും, ദൈവം സ്ഥാപിച്ച കൂദാശയായ കുടുംബം, ദൈവം ആശീർവദിക്കുന്ന വി. വിവാഹം, കുടുംബ ജീവിതത്തിൽ ഭാര്യാഭർതൃസമത്വം, ഏകീഭവിക്കൽ, പങ്കുവെയ്ക്കൽ, പരസ്പരമുള്ള അംഗീകാരം, പെരുമാറ്റ ശൈലി, കിടപ്പറ, ആശയവിനിമയം തുടങ്ങിയ ക്ലാസ്സുകൾ അനേക സെഷൻസായി അച്ചൻ സെമിനാർ രൂപത്തിൽ നടത്തിയതിലൂടെ ദൈവം സ്ഥാപിച്ച കുടുംബത്തിന്റെ പ്രാധാന്യം ഞങ്ങൾക്കു ബോധ്യപ്പെട്ടു. അച്ചന്റെ പേരന്റിംഗിനെക്കുറിച്ചുള്ള ക്ലാസ്സുകളിലൂടെ ഞങ്ങളുടെ മക്കളോടുള്ള ഞങ്ങളുടെ സമീപനം മറ്റൊരു ദിശയിലേക്കായി. കുട്ടികളോടുള്ള ഞങ്ങളുടെ മനോഭാവംപോലും വ്യത്യസ്ഥമായി. Learning Disability എന്ന വിഷയം ചർച്ച ചെയ്തതിലൂടെ കുഞ്ഞുങ്ങളുടെ പഠന വൈകല്യം എന്ന വിഷയം ഞങ്ങൾക്കു ബോധ്യപ്പെട്ടു.

കുടുംബത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തു ആയാൽ ആ കുടുംബം അനുഗ്രഹിക്കപ്പെടും എന്നുള്ള ബോധ്യം ഞങ്ങൾക്ക് നൽകി ഞങ്ങളെ അനുഗ്രഹിച്ച അച്ചൻ ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. വികാരനിർഭരമായ പ്രസംഗത്തിലൂടെ ജോസഫ് ഇടവകയുടെ അച്ചനോടുള്ള കടപ്പാട് വ്യക്തമാക്കി. തുടർന്ന് അച്ചനുള്ള ഉപഹാരം നൽകുന്നതിനായി ട്രസ്റ്റിയും സെക്രട്ടറിയും മുൻപോട്ട് കടന്നു വന്നു.

(തുടരും).

# പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾ ........



